مليباري

# നിത്യസത്യത്തിലേക്ക്

## എം. നാസർ മദനി.



# تعال إلى الحق

تأليف/ محمد بن ناصر المدني

بسلطانة
Sultanah
المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

# تعال إلى الحق

( ماليالم )

# നിത്യസത്യത്തിലേക്ക്

إعداد/ محمد ناصر المدني

എം. നാസർ മദനി.

إعداد وإصدار مكتب توعية الجاليات بالأحساء- قسم البحوث والترجمة

**حقوق الطبع محفوظة**

ح **المكتب التعاوني للدعوة والإرشاد وتوعية الجاليات بالأحساء**

*فهرسة مكتبة الملك فهد الوطنية أثناء النشر*

المكتب التعاوني للدعوة والإرشاد وتوعية الجاليات بالأحساء

تعال إلى الحق / المكتب التعاوني للدعوة والإرشاد وتوعية الجاليات بالأحساء - الأحساء.

٦٤ ص ؛ ١٢ X ١٧ سم

ردمك : ٩ - ٠ - ٩٦١١ - ٩٩٦٠

(باللغة المليبارية)

١- الوعظ والإرشاد أ- العنوان

ديوي ٢١٣ ١٤٢٥/٧٦٦٥

رقم الايداع: ١٤٢٥/٧٦٦٥

ردمك: ٩-٠-٩٦١١-٩٩٦٠

# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖം | 3 |
| 2 | മനുഷ്യനും പ്രപഞ്ചവും | 5 |
| 3 | ഉന്നതനായ മനുഷ്യൻ | 6 |
| 4 | മനുഷ്യന്റെ ഉത്ഭവം | 7 |
| 5 | മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം | 9 |
| 6 | സമാധാനം തേടുന്ന മനുഷ്യൻ | 10 |
| 7 | മനുഷ്യ സമൂഹത്തിലെ ദൈവദൂതന്മാർ | 12 |
| 8 | ദൂതന്മാർ വരേണ്ടതിന്റെ ആവശ്യകത | 12 |
| 9 | സത്യത്തിലേക്ക് വഴിനടത്തിയവർ | 13 |
| 10 | ദൈവദൂതന്മാരുടെ സന്ദേശം | 15 |
| 11 | വേദഗ്രന്ഥങ്ങൾ | 16 |
| 12 | സത്യസന്ദേശം മതഗ്രന്ഥങ്ങളിലൂടെ | 16 |
| 13 | ഹൈന്ദവ ഗ്രന്ഥങ്ങളിൽ നിന്ന് | 16 |
| 14 | ക്രൈസ്തവ പുസ്തകങ്ങളിൽ നിന്ന് | 21 |
| 15 | വേദഗ്രന്ഥങ്ങൾക്ക് സംഭവിച്ചതെന്ത്? | 23 |
| 16 | അന്തിമ ദൂതൻ | 31 |
| 17 | മുഹമ്മദ് നബി | 31 |
| 18 | സുവിശേഷമറിയിക്കപ്പെട്ട ദൈവദൂതൻ | 33 |
| 19 | അവസാനത്തെ വേദഗ്രന്ഥം | 40 |
| 20 | എന്താണ് ഇസ്‌ലാം | 43 |
| 21 | ഇസ്‌ലാമിലെ ദൈവ വിശ്വാസം | 50 |
| 22 | മരണശേഷം?. | 55 |
| 23 | ചുരുക്കത്തിൽ | 57 |

# ആമുഖം

*അളവറ്റ ദയാപരനായ പ്രപഞ്ച നാഥൻെറ നാമത്തിൽ. --------*

സ്തുതികളഖിലവും പ്രപഞ്ച നാഥന് മാത്രം. പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബിയിലും കുടുംബാദികളിലും സഹചരരിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും നിത്യവും വർഷിക്കുമാറാകട്ടെ.

പ്രിയപ്പെട്ടവരെ, മനുഷ്യരായ നാം വിവിധ മതവിശ്വാസങ്ങളിലായി കഴിയുകയാണ്. ദൈവത്തിൽ വിശ്വസിക്കുന്നവർ എന്ന നിലയിൽ നാം യോജിപ്പിലെത്തിയിട്ടുണ്ടെങ്കിലും ദൈവ സങ്കല്പങ്ങളിൽ വൈജാത്യം പുലർത്തുന്നു. ഇനിയും ഉത്തരം കണ്ടെത്തേണ്ട നിരവധി കാര്യങ്ങൾ!.

- *നാം ആരെയാണ് ആരാധിക്കേണ്ടത്?.*
- *എന്തിനാണ് ആരാധന?.*
- *നാം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ദൈവം സാക്ഷാൽ ഏകനായ സ്രഷ്ടാവോ?.*
- *അതല്ല ദൈവമായി മനുഷ്യർ ഉയർത്തിയ ദൈവസൃഷ്ടികളോ?.*
- *നമ്മുടെ വിശ്വാസം ശരിയും കുറ്റമറ്റതുമാണോ?.*
- *നാം ഉൾക്കൊള്ളുന്ന മതം നമ്മുടെ ജീവിതത്തിലെ നിഖില മേഖലകളിലും വെളിച്ചം വീശുന്നതാണോ?.*
- *നമ്മുടെ മതം ദൈവീകമോ അതല്ല മനുഷ്യ നിർമ്മിതമോ?.*
- *മനുഷ്യ ജീവിതത്തിൻെറ ലക്ഷ്യമെന്ത്?.*

ഇത്തരം ചോദ്യങ്ങളുടെ പൊരുൾ തേടുന്ന ഒരാളുടെ മനസ്സിലേക്ക് സത്യസന്ദേശങ്ങൾ ഇട്ടുകൊടുക്കുക എന്നതാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന 'നിത്യസത്യത്തിലേക്ക്' എന്ന ഈ

ലഘുകൃതിയുടെ രചനക്ക് പ്രചോദനമേകിയത്. ഇതിന്റെ വായനക്കാരിൽ ഒരാളെങ്കിലും സത്യം കണ്ടെത്തിയാൽ ഈയുള്ളവൻ കൃതാർത്ഥനായി. തെറ്റുകൾ മനുഷ്യ സഹജമാണ്. നമ്മൾ ആരും പരിപൂർണ്ണരല്ല. എന്തെങ്കിലും സ്ഖലിതങ്ങൾ കണ്ടാൽ സഹോദരബുദ്ധ്യാ അറിയിക്കാനപേക്ഷ. നന്മ മാത്രമാണ് ലക്ഷ്യം. വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ് നാം ശ്രമിക്കുന്നത്.

ഇതിന് എന്നെ ഉത്തരവാദപ്പെടുത്തിയ അൽ അഹ്സ ഇസ്ലാമിക് സെൻറർ ഭാരവാഹികൾ, പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ സഹോദരങ്ങൾ ഇസ്മാഈൽ സുല്ലമി മുട്ടാഞ്ചേരി, കെ. എം. ഫൈസി തരിയോട്, സലിം സുല്ലമി എടക്കര, ഇതിന്റെ ഡി. റ്റി. പി. വർക്കിൽ സഹായിച്ച എന്റെ സഹധർമ്മിണി ഉമ്മു ആമിർ എന്നിവരോടുള്ള എന്റെ കൃതജ്ഞത രേഖപ്പെടുത്തുകയും സർവ്വശക്തനായ അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*കരുണാമയനായ നാഥാ ഇതൊരു സൽകർമ്മമായി നീ സ്വീകരിക്കേണമേ.*

എം. നാസർ മദനി
അൽ–അഹ്സ ഇസ്ലാമിക് സെൻറർ
സഊദി അറേബ്യ.

# 1. മനുഷ്യനും പ്രപഞ്ചവും

നാം അധിവസിക്കുന്ന ഹരിതാഭമായ ഭൂമി എത്ര മനോഹരം! കാടുകളും, കാട്ടാറുകളും, മലകളും, താഴ്‌വരകളും, കുഴികളും, കുന്നുകളും, പച്ചപിടിച്ചു നിൽക്കുന്ന പുൽമേടുകളും, വടവൃക്ഷങ്ങളും, സസ്യലതാദികളും, പൂക്കളും, കായ്കനികളും, ജന്തുജീവ വർഗ്ഗങ്ങളും, ആർത്തലക്കുന്ന സമുദ്രങ്ങളും, കളകളാരവം മുഴക്കിക്കൊണ്ട് ശാന്തമായൊഴുകുന്ന കൊച്ചരുവികളും, പുഴകളും, നദികളും എല്ലാമെല്ലാം ഈ ഭൂമിയുടെ മനോഹാരിത വർദ്ധിപ്പിക്കുന്നു. മുകളിൽ മേലാപ്പു പോലെ ഉയർന്നു നിൽക്കുന്ന മനോഹരമായ ആകാശം, നമുക്ക് വെളിച്ചമേകുന്ന സൂര്യൻ, രാത്രിയിൽ പ്രഭ ചൊരിയുന്ന ചന്ദ്രൻ, മിന്നിത്തിളങ്ങുന്ന അനേകം താരനിരകൾ. ഇങ്ങനെ എണ്ണിയാൽ തീരാത്ത എത്രയെത്ര സൗകര്യങ്ങൾ, അനുഗ്രങ്ങൾ! നാം കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായ എത്രയോ കാര്യങ്ങൾ. കാണാത്ത, കേൾക്കാത്ത, അറിയാത്ത മറ്റുകാര്യങ്ങൾ ഇതിലും എത്രയോ അധികം.

"അനന്ത, മജ്ഞാത മവർണ്ണനീയ
മീലോക ഗോളം തിരിയുന്നമാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ഥ്യർ കഥയെന്തു കണ്ടു?."

എന്തെല്ലാം പ്രപഞ്ച പ്രതിഭാസങ്ങൾ! ഈ സുന്ദരമായ പ്രപഞ്ചത്തിന്റെ പിന്നിൽ പ്രവർത്തിച്ചതാരാണ്?. സൂര്യചന്ദ്രന്മാർക്കും, നക്ഷത്രങ്ങൾക്കും കൃത്യമായ സഞ്ചാര പാത നിശ്ചയിച്ചതാര്?. രാപ്പകലുകൾ കൃത്യമായി മാറിമാറി വരുന്ന പ്രക്രിയ നിർണ്ണയിച്ചതാര്?. ഉപരിലോകത്ത് നിന്ന് ജീവജലം വർഷിപ്പിക്കുന്നതാര്?. ഓരോ ജീവികൾക്കും അവയുടെ ജീവൻ നൽകിയതാര്?. അവയുടെ ജീവിതമാർഗ്ഗം വ്യവസ്ഥപ്പെടുത്തിയ

താര്? ഇതെല്ലാം സ്വയമേ ഉണ്ടായി എന്ന് പറയുന്നതാണോ ബുദ്ധി? ഇതിൻെറയെല്ലാം പിന്നിൽ ഒരു മഹാശക്തിയുണ്ടെന്ന് നമുക്ക് തോന്നുന്നില്ലേ? ഏത് നിർമ്മാണത്തിൻെറയും പിന്നിൽ ഒരു നിർമ്മാതാവിനെ മനുഷ്യ മനസ്സ് തേടുന്നു. മനോഹര മായ ഒരു കെട്ടിടം കാണുമ്പോൾ അതിൻെറ ശില്പിയുടെ കഴിവിനെ അംഗീകരിക്കാത്തവരുണ്ടോ?. ഏതൊരു വസ്തുവും അതിൻെറ പിന്നിലുള്ള ഉടമസ്ഥനെക്കുറിച്ച് അറിവു നൽകു ന്നുണ്ട്. മനുഷ്യൻെറ കാലടയാളങ്ങൾ കണ്ടാൽ അതൊരു മനുഷ്യൻെറതാണെന്നും, കുളമ്പടികൾ കണ്ടാൽ അത് മൃഗ ത്തിൻെറതാണെന്നും നമുക്കറിയാം. അതുപോലെ ഈ അണ്ഡകടാഹങ്ങൾ അവയെ സൃഷ്ടിച്ച് സംവിധാനിച്ച ഒരു ശക്തിയെക്കുറിച്ചുള്ള അറിവുതരുന്നു. ശാന്തമായി നാം ചിന്തിക്കുക. നമുക്ക് സത്യത്തിലേക്കെത്താൻ കഴിയും തീർച്ച.

# ഉന്നതനായ മനുഷ്യൻ

*കരയിലെ ഏറ്റവും വലിയ ജീവി ഏത്?*
*കടലിലെ ഏറ്റവും വലിയ ജീവി ഏത്?*

രണ്ടിൻെറയും ഉത്തരം നമുക്ക് നന്നായി അറിയാം. എന്നാൽ കരയും കടലും ഉപയോഗപ്രദമാക്കി മുന്നേറുന്ന ഭൂമിയിലെ ഉന്നതനായ ജീവി ആര്?. സംശയമില്ല മനുഷ്യൻ തന്നെ. ചെറുതും വലുതുമായ എല്ലാം കീഴടക്കി തനിക്ക് ഉപ യോഗപ്രദമാക്കാൻ കഴിവുള്ളവനാണ് മനുഷ്യൻ. മനുഷ്യൻ ഉന്നതനാണ്. അവൻെറ കഴിവുകൾ മറ്റൊന്നിനുമില്ല. നാൾക്കുനാൾ പുരോഗമനത്തിൻെറ പടവുകൾ പടിപടിയായി കടന്നുവന്ന ജീവി. നമ്മുടെ പൂർവ്വികരുടെ ചരിത്രം പരിശോധി ക്കുക. അവരുടെ പിൻഗാമികൾ ഇന്ന് നക്ഷത്ര യുദ്ധത്തിന് കോപ്പ് കൂട്ടുന്നു. കമ്പ്യൂട്ടറിൻേറയും ടെക്നോളജിയുടേയും യുഗത്തിൽ വിലസുന്നു. ഐ. ടി. വിദ്യകൾ ലോകത്തെ അവൻെറ ഉള്ളം കൈയ്യിൽ ഒതുക്കിയിരിക്കുന്നു. വിജ്ഞാന വിസ്ഫോടനത്തിൻെറ വർത്തമാന യുഗത്തിലാണവൻ. ആധു

നിക മനുഷ്യൻ പൗരാണികരേക്കാളും സുഖത്തിലെന്ന് പറയാത്തവരാരെങ്കിലുമുണ്ടോ?.

മനുഷ്യന്റെ പ്രകൃതിയും, ജീവിതവും എല്ലാം മറ്റുള്ള ജീവജാലങ്ങളിൽ നിന്ന് എത്രയോ വ്യത്യസ്തം. അവന്റെ ഏറ്റവും വലിയ പ്രത്യേകത എന്ത് എന്ന് ചോദിച്ചാൽ സവിശേഷ ബുദ്ധി തന്നെ എന്നതാണ് ഉത്തരം. ബഹുമുഖ കഴിവുകളുണ്ടെന്ന് പറയുന്ന ഈ മനുഷ്യന്റെ ഉത്ഭവം നാം ചിന്തിച്ചിട്ടുണ്ടോ? ആരാണ് അതിനുത്തരവാദി? ഇങ്ങനെ സുന്ദരമായി മനുഷ്യനെ സൃഷ്ടിച്ച് സംരക്ഷിക്കുന്നതാരാണ്? ഈ പ്രപഞ്ചത്തിലെ ഏതും അവന് ആവശ്യമുള്ളതത്രെ. ഈ നിലക്ക് പ്രപഞ്ചത്തെ സംവിധാനിച്ചതാരാണ്? നമ്മെക്കുറിച്ച് നാം പഠനം നടത്തുക.

## മനുഷ്യന്റെ ഉത്ഭവം.

മനുഷ്യൻ എന്ന അത്ഭുത ജീവി, സങ്കീർണ്ണവും അത്ഭുതവുമാണ് അവന്റെ ശരീര ഘടന. അവന്റെ ശരീരത്തിലെ ഓരോ അവയവത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തിയാൽ അത് നമ്മെ അത്ഭുത പരതന്ത്രരാക്കും. നാം ചിന്തിക്കുക. കാരണം മനനം ചെയ്യാൻ കഴിവുള്ളവനാണ് മനുഷ്യൻ. എങ്കിൽ തീർച്ചയായും നമ്മുടെ ഉത്ഭവത്തെക്കുറിച്ചറിയാൻ നാം കടപ്പെട്ടവരാണ്. ഈ ഭൂതലത്തിൽ നാം പിറന്ന് വീഴുന്നതിന് മുമ്പ് എവിടെയായിരുന്നു? നമ്മുടെ അവസ്ഥയെന്തായിരുന്നു?. ആരാണ് നമ്മെ ഇങ്ങോട്ടു കൊണ്ടുവന്നത്?.

പുരുഷന്റെ ഒരു ബീജവും സ്ത്രീയുടെ ഒരു അണ്ഡവും കൂടിച്ചേർന്നാണ് മനുഷ്യക്കുഞ്ഞുണ്ടാകുന്നത് എന്ന് നമുക്കറിയാം. പുരുഷൻ ഒരു പ്രാവശ്യം സ്രവിപ്പിക്കുന്ന ബീജങ്ങളുടെ അളവ് ഇരുന്നൂറ് കോടിയോളം വരും. തല, കഴുത്ത്, ഉടൽ, വാൽ, എന്നി ഭാഗങ്ങളുള്ള ഈ ബീജങ്ങൾ സ്ത്രീയുടെ

ജനനേന്ദ്രിയത്തിലൂടെ അതിൻെറ വാൽ ഇളക്കി വളരെ ദൂരം മുന്നോട്ട് സഞ്ചരിച്ച് സ്ത്രീയുടെ അണ്ഡത്തിൻെറ ദിശയെ ലക്ഷ്യമാക്കി നീങ്ങുന്നു. പുംബീജം മുന്നോട്ടാണ് ചലിക്കുക. എങ്കിലേ അണ്ഡത്തിലേക്ക് എത്താൻ കഴിയൂ. അതിനടുത്തേക്ക് നീങ്ങുന്ന ഈ കോടിക്കണക്കിന് ബീജങ്ങളിൽ ലക്ഷണമൊത്ത ഒരു ബീജവുമായി അണ്ഡം സംയോജിക്കുന്നു. ശേഷം പല ഘട്ടങ്ങൾ തരണം ചെയ്താണ് മനുഷ്യക്കുഞ്ഞായി രൂപാന്തരം പ്രാപിക്കുന്നത്. ഇത്ര അടുക്കും ചിട്ടയോടും വ്യവസ്ഥാപിതമായും ഈ കാര്യങ്ങൾ നിയന്ത്രിക്കുന്നതാരാണ്? മുന്നോട്ട് ചലിച്ചാൽ തനിക്ക് സംയോജിക്കേണ്ട അണ്ഡമുണ്ടെന്ന ബോധം ബീജത്തിന് നൽകിയതാര്? ബീജസങ്കലനം മുതൽ ജനനം വരെയുള്ള കാര്യങ്ങളെക്കുറിച്ച് നാം ചിന്തിച്ചാൽ അത്യത്ഭുതകരമായ എന്തെല്ലാം കാര്യങ്ങൾ! ഇതിൻെറയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നതാരാണ്? മതാവിൻെറ ഗർഭാശയമാകുന്ന ഇരുട്ടറക്കുള്ളിൽ നിന്ന് അവൻ ഭൂമിയിലേക്ക് പിറന്നു വീഴുന്നു. പ്രസവിക്കപ്പെട്ട ഈ മനുഷ്യക്കുഞ്ഞിൻെറ വളർച്ചയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഇതെല്ലാം തനിയെ സംഭവിക്കുന്നു എന്ന് പറയുന്നതാണോ ബുദ്ധി? ഇതിൻെറയെല്ലാം പിന്നിൽ ഒരു മഹാശക്തിയെ നമുക്ക് കണ്ടെത്താൻ കഴിയില്ലേ? നാം ചിന്തിക്കുക.

നോക്കൂ മനുഷ്യൻ പിറന്നു വീഴുന്നത് വളരെ ദുർബ്ബലനായി ഒന്നിനും കഴിയാത്ത രൂപത്തിലാണ്. മലർന്ന് കിടന്ന് കരയാനേ അവന് കഴിയൂ. എന്നാൽ മറ്റ് ജീവജാലങ്ങളോ? ഒരു താറാവിൻെറ കുഞ്ഞ് മുട്ടയിൽ നിന്ന് വിരിഞ്ഞാൽ അത് സ്വന്തമായി നടക്കുന്നു. നടക്കാൻ അതിനെ ആരും പഠിപ്പിക്കേണ്ടതില്ല. ഒരു മത്സ്യക്കുഞ്ഞിനെ ജനിച്ചയുടനെ ആരും നീന്തൽ പഠിപ്പിക്കാറില്ല. പക്ഷിക്കുഞ്ഞുങ്ങളെ പറക്കാൻ പ്രത്യേകം പഠിപ്പിക്കേണ്ടതില്ല. പശുക്കുട്ടിക്ക് ഓടാൻ പ്രത്യേക ട്രെയിനിംഗിൻെറയും ആവശ്യമില്ല. എന്നാൽ മനുഷ്യക്കുഞ്ഞിനോ?. നടക്കാനും മറ്റെന്തിനും പരിശീലനം ആവശ്യമാണ്. എന്നാൽ ഇവൻ വളർന്ന് വലുതാകുന്നതോടെ

എല്ലാത്തിനെയും അവൻെറ കീഴിൽ കൊണ്ടുവരുന്നു. ഈ കഴിവുകൾ അവന് നൽകിയതാരാണ്?

ആഗ്രഹങ്ങൾ ഉള്ളവനാണ് മനുഷ്യൻ. പലതരം ആഗ്രഹങ്ങൾ. നടക്കുന്നതും നടക്കാത്തതും. പക്ഷെ എല്ലാം നടക്കണം എന്നതാണ് നമ്മുടെ ആശ. എല്ലാം നടക്കുന്നുണ്ടോ? ഇല്ല. എന്തേ നടക്കാത്തത്? മറ്റാരോ ഇത് നിയന്ത്രിക്കുന്നതുപോലെ തോന്നുന്നില്ലേ?.

ജീവിക്കാനുള്ള നമ്മുടെ സാഹസികത എത്രയാണ്?. പല പദ്ധതികളും നാം തയ്യാറാക്കുന്നു. ഒന്നും പൂർത്തിയാക്കാതെ മരിച്ചുപോകുന്നു. എന്താണിതിന് കാരണം? മരണം നമ്മുടെ കൈകളിലല്ല. അതല്ലേ സത്യം? മാതാവിൻെറ ഗർഭാശയത്തിൽ നിന്ന് പുറത്തേക്ക് നാം വന്നത് നമുക്ക് ഇഷ്ടമുണ്ടായിട്ടാണോ? നമ്മോട് ആരെങ്കിലും അനുവാദം ചോദിച്ചതായി അറിയുമോ? ഇല്ല. അനുവാദം ചോദിച്ചില്ല. അപ്പോൾ നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെയാണ് ഈ ഭൂമിയിലേക്ക് നാം പിറന്ന് വീണത്. ജീവിതത്തിനിടക്ക് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെയാണ് മരണവും സംഭവിക്കുക. ഇങ്ങനെ ഓരോന്നും നാം ചിന്തിച്ചാൽ ഇതിൻെറയെല്ലാം പിന്നിൽ പ്രവർത്തിക്കുന്ന സർവ്വശക്തനിലേക്ക് നാം എത്തിച്ചേരുന്നതാണ്. അവനാണ് നമ്മുടെ സ്രഷ്ടാവ്. അവനാണ് നമ്മുടെ സംരക്ഷകൻ. അവനാണ് നമ്മെ മരിപ്പിക്കുന്നവൻ. അവൻ എല്ലാത്തിനും കഴിവുള്ളവനത്രെ.

## മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യം

നാം സൃഷ്ടികൾ. നമുക്ക് ഒരു സ്രഷ്ടാവുണ്ട്. ആ സ്രഷ്ടാവ് നമ്മെ വെറുതെ സൃഷ്ടിച്ചതാണോ? അല്ല. സൃഷ്ടിക്കുകയും നമുക്ക് ഈ രൂപവും ഭാവവും നൽകുകയും ചെയ്തവൻ ഈ ജീവിതം എന്തിനെന്ന് നമ്മെ അറിയിച്ചിട്ടുണ്ട്. മറ്റ് ജീവജാലങ്ങളേക്കാൾ ഉന്നതനായ മനുഷ്യൻെറ

ജീവിതലക്ഷ്യവും ഉന്നതമാകണം. അതല്ലാതെ മൃഗസമാനമാകാവതല്ല. മൃഗങ്ങൾക്ക് ലക്ഷ്യബോധമില്ല. ആഹരിക്കുക, ഇണ ചേരുക, ഉറങ്ങുക ഇതാണ് മൃഗത്തിന്റെ പ്രവർത്തനം. മനുഷ്യന് ഇത് മാത്രം മതിയോ? നമ്മുടെ തൊഴുത്തിൽ നാം വളർത്തുന്ന പശുവിനെ ശ്രദ്ധിക്കൂ. അത് പുല്ലുതിന്നുന്നു. ഇണ ചേരുന്നു, ഉറങ്ങുന്നു. എന്നും ഒരുപോലെ. ഒരു ദിവസം അത് ചത്തു പോകുന്നു. അതിനെ വളർത്തുന്ന നാമും ആഹരിക്കുന്നു, ഇണചേരുന്നു, ഉറങ്ങുന്നു, ഒരു ദിവസം മരിച്ചുപോകുന്നു. ഇങ്ങനെയായാൽ പിന്നെ മൃഗവും മനുഷ്യനും തമ്മിലുള്ള വ്യത്യാസമെന്ത്? ഏതായാലും ഇങ്ങനെ അവസാനിക്കേണ്ടതല്ല മനുഷ്യ ജീവിതം എന്നത് തീർച്ചയാണ്. മനുഷ്യ ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. നമ്മുടെ ജീവിതത്തിലൂടെ നാം ആ ലക്ഷ്യത്തിലേക്കെത്താൻ പരിശ്രമിക്കണം.

## സമാധാനം തേടുന്ന മനുഷ്യൻ

കത്തിജ്വലിക്കുന്ന സൂര്യൻ, പ്രഭചൊരിയുന്ന ചന്ദ്രൻ, മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ എല്ലാം ദൈവനിയമമനുസരിച്ച് നിലകൊള്ളുന്നു. അതിൽ നിന്ന് ഒരണു പോലും വ്യതിചലിക്കുന്നില്ല. നാം അധിവസിക്കുന്ന ഭൂമി, ദൈവം അതിന് നിശ്ചയിച്ച രൂപത്തിൽ അതിന്റെ ഭ്രമണം നടക്കുന്നു. അതിന്റെ സമയത്തിലോ വേഗതയിലോ മാർഗ്ഗത്തിലോ യാതൊരു മാറ്റവുമില്ല. ആകാശത്തിൽ പാറിക്കളിക്കുന്ന പറവകൾ, ജലജീവികൾ, മറ്റ് ജന്തു വർഗ്ഗങ്ങൾ ഇവയെല്ലാം അവകൾക്ക് ദൈവം നൽകിയ പ്രകൃതിയനുസരിച്ചും അവന്റെ നിയമങ്ങൾക്ക് വിധേയമായും ജീവിച്ചുകൊണ്ടിരിക്കുന്നു. ഇനി അവയുടെ പ്രകൃതിക്ക് നിരക്കാത്ത കാര്യങ്ങൾ അവ ചെയ്താൽ അവയുടെ ജീവിതം ദുസ്സഹമാകും. ഉദാഹരണമായി സമുദ്രാന്തർ ഭാഗത്ത് നീന്തിത്തുടിക്കുന്ന മത്സ്യങ്ങൾ കരയിൽ ജീവിക്കാൻ വിചാരിച്ചാൽ അത് അവയുടെ തന്നെ നാശത്തിനായിരിക്കും. പക്ഷിമൃഗാദികൾ മത്സ്യങ്ങളുടേത് പോലെ വെള്ളത്തിൽ ജീവിക്കാൻ തീരുമാനിച്ചാലും ഫലം അത്

തന്നെയായിരിക്കും. അതോടെ അവയുടെ സമാധാനം നഷ്ട പ്പെടുന്നു. അപ്പോൾ ഈ പ്രപഞ്ചത്തിലെ ഏതൊന്നിനും ദൈവം ഓരോ വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. അതിനനു സൃതമായി മുന്നോട്ട് പോയാൽ മാത്രമേ അവയ്ക്ക് സമാധാ നമുണ്ടാകുകയുള്ളൂ. ദൈവസൃഷ്ടികളിൽ ഉന്നതനായ മനുഷ്യ നും ദൈവം ചില നിയമവ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. അവ ഉൾക്കൊണ്ട് ജീവിച്ചെങ്കിലേ അവന് സമാധാനവും വിജ യവും ലഭിക്കുകയുള്ളൂ. അതിനാൽ തൻെറ ജീവിതത്തിലൂടെ വിജയം കണ്ടെത്തണമെന്ന് മനസ്സിലാക്കലും ഉൾക്കൊള്ളലും അനിവാര്യമാകുന്നു. ഒരു വ്യക്തി തൻെറ ജീവിതം പ്രപഞ്ച നാഥനായ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുന്നതോടെ തനിക്കും സഹജീവികൾക്കും സുരക്ഷിതത്വവും സമാധാനവും കൈവരുന്നു. ജീവിതം ദൈവത്തിന് സമർപ്പിക്കുകയെന്നാൽ ദൈവകൽപനയെ മാനിക്കുകയും, സർവ്വജ്ഞനായ ദൈവം തന്നോട് കൽപിക്കുന്ന മുഴുവൻ കാര്യങ്ങളും തൻെറ നന്മക്കും ആത്യന്തികമായ വിജയത്തിനുമാണെന്ന് വിശ്വസിക്കു കയും, ദൈവം വിലക്കിയതും നിരോധിച്ചതുമായ ഏതൊരു കാര്യവും തൻെറ നന്മക്കാണെന്ന ഉത്തമവിശ്വാസത്തോടെ സന്തോഷപൂർവ്വം ഉപേക്ഷിക്കുകയും ചെയ്യുക. തൻെറ രക്ഷിതാവ് തന്നെ നയിക്കുന്നത് സമാധാനത്തിൻെറ വഴിയിലേ ക്കാണ് എന്ന് വിശ്വസിക്കുന്ന ഒരാൾ ജീവിത സമർപ്പണ ത്തിലൂടെ അസ്വസ്ഥതയിൽ നിന്നും ഭയത്തിൽ നിന്നും മുക്ത നാകുന്നു. ദൈവ കൽപ്പനകൾ ഉൾക്കൊള്ളുന്നതോടുകൂടി അവൻെറ മനസ്സിൽ സമാധാനം കൈവരുന്നു. കൂടാതെ അവൻെറ സമൂഹത്തിലും, അവൻെറ രാജ്യത്തിലും, ലോക മൊട്ടുക്കും സമാധാനം കൈവരുന്നു. ദൈവകൽപനക്ക് വിധേ യമായി ജീവിച്ചാൽ മാത്രമേ സമാധാനവും ശാന്തിയും കൈവ രുകയുള്ളൂ.

# 2. മനുഷ്യ സമൂഹത്തിലെ ദൈവദൂതന്മാർ

നമ്മെ സൃഷ്ടിച്ച ദൈവം തന്നെ നമ്മുടെ ജീവിതം എപ്രകാരമാകണം എന്നും, ജീവിത ലക്ഷ്യം എന്താകണമെന്നും നിശ്ചയിച്ചിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊണ്ടാകണം നാം ജീവിക്കേണ്ടത്. അത് പഠിപ്പിക്കാനായി ദൈവം നിയോഗിച്ച സന്ദേശ വാഹകരാണ് ദൈവദൂതന്മാർ. അവർ സത്യവും, അസത്യവും, നന്മയും, തിന്മയും, നീതിയും, അനീതിയും മനുഷ്യർക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. ദൈവദൂതന്മാർ വന്നിട്ടില്ലായിരുന്നെങ്കിൽ മനുഷ്യർക്ക് സത്യവും ധർമ്മവും അറിയാൻ കഴിയുമായിരുന്നില്ല.

## ദൂതന്മാർ വരേണ്ടതിന്റെ ആവശ്യകത

മനുഷ്യൻ ബുദ്ധിമാനാണ്. അവന്റെ കാര്യങ്ങൾ അവൻ തീരുമാനിക്കുന്നതുപോലെ നടക്കുന്നു. എന്തിനാണ് ദൈവദൂതന്മാരുടെ ആവശ്യം? എന്ന് ചോദിച്ചേക്കാം. നന്മ തിന്മകൾ വേർതിരിച്ചറിയാൻ മനുഷ്യ ബുദ്ധിക്ക് സാധ്യമല്ല. കാരണം പാപവും പുണ്യവും നിർണ്ണയിക്കുന്നതിൽ മനുഷ്യൻ ഭിന്നിക്കുന്നതായി കാണാം. നന്മതിന്മകളെ നിർണ്ണയിക്കാനുള്ള അധികാരം ആത്യന്തികമായി മനുഷ്യ ബുദ്ധിക്ക് നാം വിട്ടുകൊടുത്താൽ എന്താണ് സംഭവിക്കുക? ലോകത്തുള്ളവരെ മുഴുവൻ ഏതിൽ ഒന്നിപ്പിക്കാൻ കഴിയും? നമുക്ക് നോക്കാം. മദ്യപാനം നന്മയോ തിന്മയോ? ചിലരുടെ പക്ഷം 'മദ്യം വിഷമാണ്. അത് കുടിക്കുന്നത് പാപമാണ്' എന്നായിരിക്കും. 'മദ്യം ലഹരിയാണെങ്കിലും അത് കുടിക്കുന്നതിൽ പാപമെന്തിരിക്കുന്നു. ഒരാൾ കുടിക്കുന്നു അവന് ലഹരി ബാധിക്കുന്നു ഇതിലെന്ത് തെറ്റ്?' എന്നായിരിക്കാം മറ്റുചിലർ ചോദിക്കുക. അഭിപ്രായങ്ങൾ നീളുന്നു. വ്യഭിചാരം ചിലർക്ക് പൊറുക്കപ്പെടാത്ത തെറ്റാണെങ്കിൽ മറ്റു ചിലർക്ക് സുഖജീവിതത്തിന്റെ ഒരു ഭാഗം

മാത്രം. മോഷ്ടാവ് മോഷണത്തെ ന്യായീകരിക്കുമ്പോൾ സമ്പത്ത് നഷ്ടപ്പെടുന്നവൻ വിലപിക്കുന്നു. പലിശക്ക് പണം കൊടുക്കുന്ന അത്യാഗ്രഹി പലിശയെ സമ്പാദ്യ മാർഗ്ഗമായി കാണുമ്പോൾ പലിശകൊണ്ട് പൊറുതിമുട്ടുന്നവൻ അതിനെ ശപിക്കുന്നു. അപ്പോൾ മനുഷ്യന് ഒരു വിഷയത്തിലും നന്മ തിന്മകളിൽ യോജിപ്പിലെത്താൻ കഴിയില്ല എന്ന് മനസ്സിലായി. എങ്കിൽ ഭരണകൂടത്തെ ഏല്പിക്കാം. അപ്പോഴോ? ഭരണപക്ഷം ചെയ്യുന്നവ തെറ്റല്ലാതാവുകയും ഭരണാധികാരികളുടെ ബന്ധപ്പെട്ടവരുടെ വലിയ തെറ്റുകൾ പോലും ന്യായീകരിക്കപ്പെടുകയും ചെയ്യുന്നു. അവിടെയും കാര്യങ്ങൾ തീരുമാനമില്ലാതെ പോകുന്നു. പിന്നെ എന്തുണ്ട് മാർഗ്ഗം?. നന്മതിന്മകളേതെന്ന് ആധികാരികമായി പറയാൻ അവകാശമുള്ള ദൈവത്തിലേക്ക് മടങ്ങുക. മാത്രമല്ല മനുഷ്യന് അപ്പപ്പോഴുള്ള സ്ഥിതിഗതികൾ വിലയിരുത്തി കാര്യങ്ങൾ തീരുമാനിക്കാനേ കഴിയൂ. കാരണം മനുഷ്യൻെറ കഴിവ്കേട് തന്നെ. അപ്പോൾ നമുക്ക് ദൈവത്തിലേക്ക് മടങ്ങാം. നന്മയും തിന്മയും വേർതിരിക്കാൻ ദൈവത്തിനേ കഴിയൂ. കാരണം അവൻ ത്രികാലജ്ഞാനിയാണ്. അവനാണ് മനുഷ്യ സ്രഷ്ടാവ് എന്നതിനാൽ അവൻെറ നിയമങ്ങളിൽ ഏവർക്കും യോജിക്കാൻ കഴിയും. അതിലേ യോജിക്കാൻ കഴിയൂ. ആ നിയമങ്ങൾ കൊണ്ടേ മനുഷ്യന് നന്മതിന്മകൾ വേർതിരിക്കാൻ കഴിയൂ. ആ നിയമ നിർദ്ദേശങ്ങളാണ് അവൻ തൻെറ ദൂതന്മാരിലൂടെ അറിയിച്ചത്. അതിനാൽ നാം സ്വീകരിക്കേണ്ടത് ആ സത്യവചനങ്ങളാണ്.

## സത്യത്തിലേക്ക് വഴിനടത്തിയവർ.

ഭൂമിയിൽ മനുഷ്യവാസമാരംഭിച്ച നാൾ മുതൽ സ്രഷ്ടാവായ ദൈവം മനുഷ്യന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി മനുഷ്യരിൽ നിന്നാണ് സ്രഷ്ടാവായ ദൈവം തൻെറ ദൂതന്മാരെ തെരഞ്ഞെടുത്തത്. ദൈവം മനുഷ്യരിലേക്ക് ഇറങ്ങിവന്ന് അവരെ വിളിച്ചുകൂട്ടി സംബോധന ചെയ്യാറില്ല. അവൻ ദൂതന്മാരെ നിയോഗിക്കുകയാണ്

ചെയ്യുന്നത്. അവർ ദൈവാവതാരങ്ങളോ, ദൈവത്തിൻെറ സന്താനങ്ങളോ, ദൈവത്തിൻെറ അംശമോ ആയിരുന്നില്ല. മനുഷ്യരെ സത്യത്തിലേക്ക് വഴിനടത്താൻ ദൈവം തന്നെ മനുഷ്യനായി അവതരിക്കുക എന്ന അവതാര സങ്കല്പം ഒരുപാട് സങ്കീർണ്ണതകളിലേക്കാണ് നമ്മെ കൊണ്ടു പോവുക. കാരണം ഒരു സ്ത്രീയുടെ ഗർഭാശയത്തിൽ വെച്ച് ദൈവം മനുഷ്യ രൂപം സ്വീകരിക്കുക, ദൈവം മനുഷ്യക്കുഞ്ഞായി പ്രസവിക്കപ്പെടുക, മനുഷ്യ സ്ത്രീയുടെ സ്തന്യം നുകരുക, അവളുടെ മടിയിൽ ഉറങ്ങുക, വളർന്ന് വലുതാകുക, സ്ത്രീകൾ ദൈവത്തിൻെറ ദൗർബല്യമായി വരുക, വിവാഹം കഴിക്കുക, കാമലീലകളിൽ ഏർപ്പെടുക, അധർമ്മത്തിനെതിരെ തൻെറ സൃഷ്ടികളോട് നേരിൽ യുദ്ധം ചെയ്യുക, തൻെറ കാര്യങ്ങൾക്ക് മറ്റൊരാളുടെ സഹായം വേണ്ടിവരുക, മനുഷ്യൻ ദൈവത്തെ കീഴ്പ്പെടുത്തുക ഇതൊന്നും സാക്ഷാൽ ദൈവത്തിന് യോജിച്ചതല്ല. ദൈവത്തിൻെറ മഹത്വത്തിന് നിരക്കുന്നതുമല്ല. ഇതിൽ നിന്നെല്ലാം പൂർണ്ണമായും വ്യത്യാസപ്പെട്ടതാണ് സാക്ഷാൽ ഏകദൈവം.

മനുഷ്യ സമൂഹത്തിന് നന്മതിന്മകൾ വേർതിരിച്ചു കൊടുക്കാനും, ദൈവത്തിലേക്ക് ക്ഷണിക്കാനും കടന്നുവന്ന ദൈവദൂതന്മാർ ദൈവ കൽപനകൾ സ്വീകരിച്ച് തങ്ങളുടെ ജനതയെ സകല സത്യത്തിലും വഴിനടത്തിയവരായിരുന്നു. അതിനായി നിരവധി ദൂതന്മാരെ അവൻ നിയോഗിച്ചിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിൽ വിവിധ പ്രദേശങ്ങളിലേക്ക് ധർമ്മ സംസ്ഥാപനത്തിനായി കടന്നുവന്ന ദൂതന്മാർ സത്യസന്ധരും മാതൃകാ പുരുഷന്മാരുമാകയാൽ സൽസ്വഭാവത്തിൻെറ മകുടോദാഹരണങ്ങളായിരുന്നു. അവർ എത്ര പേരുണ്ട്? എണ്ണം കൃത്യമായി പറയുക വയ്യ. ഏതാണെങ്കിലും ഒരു ദൈവദൂതൻ വന്നു പോകാത്ത ഒരു സമൂഹവും കഴിഞ്ഞുപോയിട്ടില്ല.

ആദിമ മനുഷ്യനായ ആദാം മുതൽ പരിശോധിക്കുക നോഹ, ലോത്ത്, അബ്രഹാം, ഇസ്മായേൽ, ഇസ്ഹാഖ്,

ദാവീദ്, സോളമൻ, മോശേ, അഹറോൺ, യേശു ഇവരെല്ലാം ദൈവദൂതന്മാരുടെ പട്ടികയിൽ ഉൾപ്പെട്ടവരാണ്. ഇവർ അതാത് കാലഘട്ടത്തിലെ മനുഷ്യർക്ക് വഴികാട്ടികളായിരുന്നു. അവരെല്ലാം ജനങ്ങളെ ക്ഷണിച്ചത് ഏക സത്യ ദൈവത്തിലേക്കും ധർമ്മത്തിലേക്കുമായിരുന്നു. അതിലൂടെ ജീവിത ലക്ഷ്യത്തിൽ എത്തിച്ചേരാൻകഴിയും. അതിനാൽ ജീവിതലക്ഷ്യം സാക്ഷാൽക്കരിക്കാൻ ദൈവദൂതന്മാരുടെ മാർഗ്ഗം നാം അവലംബിക്കണം.

## ദൈവദൂതന്മാരുടെ സന്ദേശം

എന്തായിരുന്നു ദൂതന്മാരിലൂടെ ദൈവം മനുഷ്യനെ അറിയിച്ച പരമപ്രധാനമായ സന്ദേശം?. മനുഷ്യ ബുദ്ധിക്കും ജ്ഞാനത്തിനും സ്വയം എത്തിച്ചേരാനാകാത്ത, ദൈവത്തെയും അവൻെറ പ്രവർത്തനങ്ങളേയും, അവൻെറ അസ്തിത്വത്തിൻെറ സവിശേഷതകളെയും കുറിച്ച അറിവായിരുന്നു അത്. അവൻ സ്വയംഭൂവും ഏകനും തൻെറ സൃഷ്ടികളിൽ നിന്ന് തികച്ചും വിഭിന്നനും സർവ്വജ്ഞനും സൃഷ്ടി സ്ഥിതി സംഹാരാദി കാര്യങ്ങളുടെ അധിപനും സർവ്വലോക സംരക്ഷകനുമാകുന്നു. അതിനാൽ മനുഷ്യകുലം ഒന്നടങ്കം അവൻെറ ആജ്ഞാ നിർദ്ദേശങ്ങൾക്ക് വിധേയരായി ജീവിക്കേണ്ടവരാണ്. ഈ ഗണത്തിൽ ഒന്നാമതായി വരുന്നത് ആരാധനാ വഴിപാടുകൾ ദൈവത്തിന് മാത്രം സമർപ്പിക്കുകയെന്നതാണ്. തുടർന്ന് മനുഷ്യർ പരസ്പരമുള്ള വർത്തനങ്ങളിലും മനുഷ്യരും ഇതര ജീവികളും, മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധങ്ങളിലുമെല്ലാം, ദൈവീക നീതിയും നിയമവും പാലിക്കണമെന്നുള്ളതാണ്. വിവിധ കാലങ്ങളിലും ദേശങ്ങളിലുമായി വന്ന ദൂതന്മാർ ഒരേപോലെ മനുഷ്യരെ പഠിപ്പിച്ച സന്ദേശമത്രെ ഇത്. വേദഗ്രന്ഥങ്ങളിൽ നമുക്ക് ആ സന്ദേശം കണ്ടെത്താൻ കഴിയും.

# 3. വേദഗ്രന്ഥങ്ങൾ

സ്രഷ്ടാവ് തന്റെ ദൂതന്മാർക്ക് നൽകിയ സന്ദേശങ്ങളാണ് വേദഗ്രന്ഥങ്ങളിലുള്ളത്. അവ സത്യസന്ദേശങ്ങളാണ്. ദൈവത്തിന്റെ വചനങ്ങളാണ്. ആദിയിൽ മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. പിന്നീട് ദൈവിക മാർഗ്ഗത്തിൽ നിന്ന് അവർ വ്യതിചലിക്കുകയും ഭിന്നിക്കുകയും ചെയ്തു. ദൈവത്തിന്റെ വിധിവിലക്കുകൾ പാലിക്കാത്തതിനാൽ ഉണ്ടായ ഭിന്നിപ്പുകളിൽ വിധികൽപ്പിക്കുന്നതിനായി ദൈവം പ്രവാചകന്മാരിലൂടെ വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചു. സത്യമാർഗ്ഗത്തിൽ നിന്ന് അകന്നുപോയവരെ പ്രസ്തുത മാർഗ്ഗത്തിലേക്ക് തിരിച്ചുകൊണ്ടുവരിക എന്നതായിരുന്നു വേദഗ്രന്ഥങ്ങളുടെ പ്രധാന ധർമ്മം. അതിനാൽ ദൈവമാർഗ്ഗം അന്വേഷിക്കുന്നവർക്കുള്ള വെളിച്ചമാണ് വേദഗ്രന്ഥം. അതിലുള്ള സത്യസന്ദേശമാണ് നാം സ്വീകരിക്കേണ്ടത്.

## സത്യസന്ദേശം മതഗ്രന്ഥങ്ങളിലൂടെ

വിവിധ മതഗ്രന്ഥങ്ങളിൽ നമുക്ക് ആ സത്യം കണ്ടെത്താൻ കഴിയും. താഴെ കൊടുത്തിരിക്കുന്ന വചനങ്ങൾ അതിന് തെളിവുകളാണ്.

**ഹൈന്ദവ ഗ്രന്ഥങ്ങളിൽ നിന്ന്:** ഹിന്ദുമത ഗ്രന്ഥങ്ങളെ ശ്രുതികൾ എന്നും സ്മൃതികൾ എന്നും രണ്ടായി തിരിക്കാം. ശ്രുതികൾ എന്നാൽ ശ്രവിക്കപ്പെട്ടത് എന്നത്രെ അർത്ഥം. വേദവും വേദവുമായി ബന്ധപ്പെട്ട കൃതികളും ദൈവത്തിൽ നിന്ന് ഋഷിമാരാൽ ശ്രവിക്കപ്പെട്ടവയാണെന്നാണ് വിശ്വാസം. ഋഷിമാർ സ്വന്തം ഓർമ്മയിൽ നിന്നെടുത്തെഴുതിയ ഗ്രന്ഥങ്ങളാണ് സ്മൃതികൾ. പ്രധാനപ്പെട്ട വേദസംഹിതകൾ നാലെണ്ണമാണ്. 1. ഋക് അഥവാ ഋഗ്വേദ സംഹിത 2. യജുസ്സ്

അഥവാ യജുർവേദ സംഹിത. 3. സാമം അഥവാ സാമവേദ സംഹിത 4. അഥർവ്വം അഥവാ അഥർവ്വവേദ സംഹിത.

വേദസൂക്തങ്ങൾ വ്യാഖ്യാനിക്കുകയും വൈദിക കർമ്മങ്ങളായ യജ്ഞങ്ങളുടേയും യാഗങ്ങളുടേയും ക്രിയാവിധികൾ വിവരിക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങളാണ് ബ്രാഹ്മണങ്ങൾ. ബ്രാഹ്മണങ്ങളോട് പിൽകാലത്ത് ചേർക്കപ്പെട്ട ഗ്രന്ഥ പരമ്പരക്കാണ് ആരണ്യകങ്ങൾ എന്ന് പറയുന്നത്. ആരണ്യകങ്ങളെ തുടർന്ന് വന്നഭാഗമാണ് ഉപനിഷത്തുകൾ. ഉപനിഷത്തുകൾക്ക് വേദാന്തം എന്നും പേരുണ്ട്. ഭാരതീയരുടെ മറ്റൊരു സാഹിത്യ സംഘാതമാണ് ഇതിഹാസങ്ങൾ. രാമായണം, മഹാഭാരതം എന്നീ രണ്ടു ബൃഹത് കാവ്യങ്ങളാണ് ഇന്ന് ഇതിഹാസ നാമങ്ങളായി അറിയപ്പെടുന്നത്. രാമായണത്തിൽ അയോധ്യ ഭരിച്ചിരുന്ന രാജവംശത്തിൻെറയും, മഹാഭാരതത്തിൽ ഹസ്തിനപുരം കേന്ദ്രമാക്കി ഭരിച്ചിരുന്ന രാജവംശത്തിൻെറയും സാഹസിക കഥകളാണ് ഉൾക്കൊണ്ടിട്ടുള്ളത്. അധ്യാത്മിക കൃതിയായ ഭഗവത്ഗീത മഹാഭാരതത്തിൻെറ ഒരു ഭാഗമാണ്. ഭാരതീയരുടെ മറ്റൊരു മതസാഹിത്യ സംഘാതമാണ് പുരാണങ്ങൾ. ഇതിനു പുറമെ വേറെയും കൃതികൾ ഉണ്ട്.

**ഋഗ്വേദം 8-3-3 ൽ ഇങ്ങനെ കാണാം.**

"യോ ദേവനാം താമധാ ഏക ഏവ"
(ദേവ നാമങ്ങൾ ധരിച്ച വ്യക്തി ഒന്നേ ഒന്നാകുന്നു.)

**ഋഗ്വേദം മണ്ഡലം 10 സൂക്തം 121 ഋക്ക് 1 ൽ ഇങ്ങനെ കാണാം.**

"ഹിരണ്യ ഗർഭഃ സമവർത്തതാഗ്രേ
ഭൂതസ്യ ജാതഃ പതിരേക ആസിത്
സ ദാധാര പൃഥിവിം ദ്യാമു തേമാം
കസ്മൈ ദേവായ ഹവിഷാ വിധേമ"

(പ്രകാശ സ്വരൂപിയും സൂര്യാദിയായ പ്രകാശിക്കുന്ന വസ്തുക്കളെ സൃഷ്ടിച്ചു വഹിക്കുന്നവനും, ഉത്പന്നമായ മുഴുവൻ ജഗത്തിൻെറ പ്രസിദ്ധനായ രക്ഷകനും ആയ ഏകനായ ഹിരണ്യ ഗർഭൻ ജഗത്തുണ്ടാകുന്നതിന് മുമ്പുതന്നെ വെളിപ്പെട്ടു. അവൻ ഭൂമിയെയും സ്വർഗ്ഗത്തെയും വഹിക്കുന്നു. സുഖസ്വരൂപിയായ ആ പരമാത്മാവിനെ സ്വീകരിക്കത്തക്കതായ ശ്രദ്ധാ പൂർണമായ ഉപാസന കൊണ്ട് ഞങ്ങൾ ഭജിക്കുന്നു.)

കേനോപനിഷത്ത് 1: 6,7-ൽ ഇങ്ങനെ വായിക്കാം

"യച്ച ക്ഷു ഷാന പശ്യതി യേന ചഷ്യം ഷി പശ്യതി

തദേവ ബ്രഹ്മത്വം വിദ്ധി നേദം യദിദ മുപാസതേ

യത് ശ്രോത്രേണ ന ശൃണോതി യേന ശ്രോത്രമിദം ശ്രുതം

തദേവ ബ്രഹ്മത്വം വിദ്ധി നേദം യദിദ മുപാസതേ"

(യാതൊന്നാണോ കണ്ണുകൊണ്ട് കാണാൻ സാധിക്കാത്തത്, എന്നാൽ കണ്ണിന് ദർശനം ലഭിക്കുന്നതിന് കാരണം യാതൊന്നാണോ, അതിനെത്തന്നെ ബ്രഹ്മമെന്ന് നീ മനസ്സിലാക്കുക. കണ്ണ് കൊണ്ട് കാണുന്ന ഏതൊന്നിനെയാണോ മനുഷ്യൻ ഉപാസിക്കുന്നത് അത് ബ്രഹ്മമല്ല. (ദൈവമല്ല). യാതൊരു ശബ്ദത്തെ കാതു കൊണ്ട് ആർക്കും കേൾക്കാൻ സാധ്യമല്ലയോ, എന്നാൽ യാതൊന്നിൽ നിന്നാണോ ആ ശ്രോതേന്ദ്രിയത്തിന് ശ്രവണ ശക്തി ലഭിക്കുന്നത് അതിനെത്തന്നെ ബ്രഹ്മമെന്ന് നീ മനസ്സിലാക്കുക. കാതുകൾക്ക് ഉപാസനാ വിഷയമായിരിക്കുന്നത് ബ്രഹ്മമല്ല.)

ഈശാവാസ്യോപനിഷത്ത് ശ്ളോകം 12 നോക്കുക:

അന്ധം തമഃ പ്രവിശന്തിയേ സംഭൂതി മുപാസതേ

തതോ ഭൂയ ഇവ തേ തമോ യ ഉ സംഭൂത്യാം രതാഃ

(നശ്വരങ്ങളായ ദേവ പിതൃ മാതാവാദികളെ ഉപാസിക്കുന്നവർ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു.

അവിനാശിയായ പരമാത്മാവിനെ കുറിച്ച് മിഥ്യാഭിമാനത്തോടു കൂടിയിരിക്കുന്നവരും ഘോരാന്ധകാരത്തിൽ തന്നെ പതിക്കുന്നു.)

ഭഗവദ്ഗീത 7- 24,25 ൽ പറയുന്നു.

അവ്യക്തം വ്യക്തിമാപന്നം മന്യന്തേ മാമബുദ്ധയഃ
പരം ഭവമജാനന്തോ മമാവ്യയമനുത്തമം
നാഹം പ്രകാശഃ സർവസ്യ യോഗമായ സമാവൃതഃ
മൂഢോയം നാഭിജാനാതി ലോകോ മാമജമവ്യയം

(സർവ്വോൽകൃഷ്ടവും വികാരമില്ലാത്തതുമായ എന്റെ ആത്മ സ്വരൂപത്തെ മനസ്സിലാക്കാത്ത അല്പബുദ്ധികൾ അവ്യക്ത നായ എന്നെ, വ്യക്തമായ രൂപത്തോടു കൂടിയവനാണെന്ന് വിചാരിക്കുന്നു. യോഗ മായയാൽ മൂടപ്പെട്ടിരിക്കുന്ന ഞാൻ എല്ലാവർക്കും പ്രകാശൻ (കാണത്തക്കവൻ) ആയിത്തീരുന്നില്ല. ജനനമോ വികാരമോ ഇല്ലാത്ത എന്നെ മൂഢജനങ്ങൾ അറിയുന്നില്ല.)

ഭഗവത്ഗീത 9:11, 12 -ൽ ഇങ്ങനെ വായിക്കാം

അവജാനന്തി മാം മൂഢ മാനുഷിം തനു മാശ്രിതം
പരം ഭാവ മജാനന്തോ മമഭൂത മഹേശ്വരം
മോഘാശാ മോഘകർമണോ മോഘജ്ഞാനാ വിചേതസഃ
രാക്ഷസിമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ

(മൂഢജനങ്ങൾ, സർവഭൂതേശ്വരനായ എന്റെ പരമാത്മ ഭാവത്തെ അറിയാതെ മനുഷ്യശരീരം ഗ്രഹിച്ചിരിക്കുന്ന ഒരുവനെന്ന് എന്നെ അവഗണിക്കുന്നു. അങ്ങനെ എന്നെ അവഗണിക്കുന്നവരുടെ ആശകളും അവർ ചെയ്യുന്ന കർമ്മങ്ങളും അവർക്കുള്ള ജ്ഞാനവും നിഷ്ഫലങ്ങളാണ്. അവർ അവിവേകികളും മനസ്സിനെ മോഹിപ്പിക്കുന്ന രാക്ഷസപ്രകൃതിയെയും അസുര പ്രകൃതിയെയും ആശ്രയിച്ചിട്ടുള്ളവരുമാകുന്നു.)

ഭഗവത്ഗീത 10: 33 ൽ പറയുന്നു.

യോ മാമ ജമനാദിംച വേത്തിലോക മഹോശ്വരം
അസം മൂഢ: സമർത്യേഷു സർവ്വപാപൈ: പ്രമുച്യതേ

(ആദിയറ്റവനും, ജന്മരഹിതനും, സർവ്വലോക നിയന്താവുമായി ഈശ്വരനെ ആരറിയുന്നുവോ അവൻ മനുഷ്യനിൽ ജ്ഞാനിയായതു കൊണ്ട് സർവ്വവിധ പാപങ്ങളിൽ നിന്നും മുക്തനായിത്തീരുന്നു.)

ഹൈന്ദവ മതഗ്രന്ഥങ്ങളിൽ ദൈവത്തിന് വിവിധ പേരുകൾ കാണാം. ഹിരണ്യഗർഭൻ, വിശ്വ കർമ്മാവ്, പ്രജാപതി, വിരാട് പുരുഷൻ തുടങ്ങിയ പേരുകളിൽ ഏകനും സർവ ശക്തനുമായ ദൈവത്തെ വേദഗ്രന്ഥങ്ങളിൽ പരിചയപ്പെടുത്തുന്നത് കാണാം. എന്നാൽ വേദഗ്രന്ഥങ്ങളിൽ ഇതെല്ലാം രേഖപ്പെട്ടു കിടന്നിട്ടുകൂടി ബഹുദൈവ വിശ്വാസത്തിലേക്കും അവതാര സങ്കൽപ്പത്തിലേക്കും ആൾദൈവങ്ങളിലേക്കും തിരിഞ്ഞ് ജനങ്ങൾ വഴിതെറ്റിപ്പോയി എന്നതാണ് അത്ഭുതം. ഹിന്ദു മതവിശ്വാസികളുടെ ദൈവത്തിൻെറ എണ്ണം എത്രയാണ് എന്ന ചോദ്യത്തിന് ഉത്തരം പറയാൻ കഴിയാത്ത വിധം ദൈവങ്ങൾ പെരുകിയിരിക്കുന്നു. ഭൂമിയും, സൂര്യനും, അഗ്നിയും, നാഗവും എല്ലാം അവർക്ക് ആരാധ്യ വസ്തുക്കളാണ്. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ എന്നിങ്ങനെ ത്രിമൂർത്തികളാണ് പ്രധാനപ്പെട്ടത്. ബ്രഹ്മാവ് സൃഷ്ടിക്കുന്നു, വിഷ്ണു നിലനിർത്തുന്നു, മഹേശ്വരൻ സംഹരിക്കുന്നു. എന്നതാണ് ഹൈന്ദവ വിശ്വാസം. കൂടാതെ അവതാര സങ്കൽപങ്ങളും ഹൈന്ദവ വിശ്വാസത്തിൽ പ്രധാനപ്പെട്ടതാണ്. അതുപ്രകാരമാണ് ശ്രീരാമനും ശ്രീകൃഷ്ണനുമെല്ലാം ആരാധ്യരായത്. മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കൽക്കി എന്നിവരാണ് പ്രധാനമായുള്ള ദശാവതാരങ്ങൾ. എന്നാൽ നാം മുകളിൽ സൂചിപ്പിച്ച ഗീതാ ശ്ലോകം ദൈവം ദശാവതാരങ്ങളെടുത്തുവെന്ന വാദത്തെ പാടെ നിഷേധിക്കുന്നതായി കാണാം.

വേദപണ്ഡിതനും ചിന്തകനുമായ ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "പരമേശ്വരൻ ഒന്നേ ഉണ്ടായിക്കൂടൂ. രണ്ട് പരമേശ്വരന്മാരും എണ്ണമറ്റ സത്തകളും ഉണ്ടാവുക സാധ്യമല്ല. ഒരു ദേവൻ മറ്റൊരു ദേവന്റെ സൃഷ്ടിയാണോ എന്ന ചോദ്യം എല്ലായിടത്തും ചോദിക്കപ്പെട്ടിട്ടുണ്ട്. സൃഷ്ടിക്കപ്പെട്ട ഒരു ദേവൻ ഈശ്വരനേ അല്ല." (ഭാരതീയ ദർശനം, വാള്യം 1, പേ. 68, 69, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1975- ഉദ്ധരണം: വേദദർശനം: ശിഹാബുദ്ധീൻ ആരാമ്പ്രം പേ: 43)

## ക്രൈസ്തവ വേദപുസ്തകങ്ങളിൽ നിന്ന്:

എല്ലാറ്റിലും മുഖ്യകല്പന ഏത് എന്ന ചോദ്യത്തിന് യേശു നൽകിയ ഉത്തരം മർക്കൊസ് എഴുതിയ സുവിശേഷം 12: 29,30 ൽ ഇങ്ങനെ വായിക്കാം. 'യിസ്രായേലേ, കേൾക്ക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവു. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം' എന്നു ആകുന്നു."

ഗുരോ ന്യായപ്രമാണത്തിൽ ഏതു കല്പന വലിയത് എന്ന് ചോദിച്ച വൈദികനോട് യേശു പറഞ്ഞ മറുപടി മത്തായിയുടെ സുവിശേഷം 22: 37,38 ൽ നമുക്ക് ഇങ്ങനെ വായിക്കാം. "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന.'

ആവർത്തന പുസ്തകം 4:35 വായിക്കുക. "യഹോവ തന്നെ ദൈവം, അവനല്ലാതെ മറ്റൊരുത്തനുമില്ല." ആവർത്തന പുസ്തകം: 4:39 വായിക്കുക: "ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല എന്നു നീ അറിഞ്ഞു മനസ്സിൽ വെച്ചു കൊൾക." ആവർത്തന പുസ്തകം: 6: 4,5 വായിക്കുക: "യിസ്രായേലേ,

കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിൻെറ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കേണം."

യെശയ്യാവു 44: 6 വായിക്കുക: "യഹോവ, ഇപ്രകാരം അരുളി ചെയ്യുന്നു: ഞാൻ ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല."

സാത്താനോടുള്ള യേശുവിൻെറ ഉപദേശം മത്തായി 4: 10 ൽ ഇങ്ങനെ വായിക്കാം "നിൻെറ ദൈവമായ കർത്താവിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവൂ."

പുറപ്പാടു പുസ്തകം 20ൽ 2 മുതൽ 5 വരെയുള്ള വചനങ്ങളിൽ മോശേ പ്രവാചകനോട് ദൈവം അരുളിയത് ഇപ്രകാരം നമുക്ക് വായിക്കാം "അടിമവീടായ മിസ്രയീം ദേശത്തു നിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിൻെറ ദൈവം ആകുന്നു. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിൻെറ പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്."

ഈ സത്യങ്ങൾ വേദപുസ്തകത്തിൽ മായാതെ കിടന്നിട്ടുകൂടി അവ വായിക്കപ്പെടുന്ന പള്ളികളിൽ പ്രതിമകൾ സ്ഥാപിച്ച് ബഹുദൈവാരാധന നടത്തുന്നു എന്നത് വിചിത്രം തന്നെ. ക്രൈസ്തവ വേദഗ്രന്ഥങ്ങളിൽ ഏകനായ ദൈവത്തെക്കുറിച്ച് സംസാരിക്കുമ്പോഴും ക്രിസ്തീയ സുഹൃത്തുക്കളുടെ വിശ്വാസം പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നെണ്ണം കൂടിച്ചേർന്നതാണ് ഏക ദൈവം എന്നതാണ്. കന്യാമറിയമിൻെറ പുത്രനാണ് യേശു. ഭർത്താവില്ലാതെ

യാണ് മറിയം യേശുവിനെ പ്രസവിച്ചത്. അതിനാൽ അതിൻെറ പിതൃത്വം അവർ ദൈവത്തിൽ എത്തിക്കുന്നു. മൂന്നും വേറെ വേറെ ആകുമ്പോൾ ദൈവം ഇല്ലാതെ പോകുന്ന വിശ്വാസം. നമുക്ക് ചിന്തിക്കാനുള്ളത് ഉൽപ്പത്തി പുസ്തകം പറയുന്ന ആദിയിൽ ഉണ്ടായിരുന്ന ദൈവം, ആകാശഭൂമികൾ സൃഷ്ടിച്ച ദൈവം, അന്ന് പുത്രൻ കൂടെയുണ്ടോ? പുത്രനില്ല എന്ന് എല്ലാവരും പറയുന്നു. അന്ന് ദൈവത്തിന് ന്യൂനതയേതെങ്കിലുമുണ്ടോ? എങ്കിൽ അന്നുള്ള ദൈവം പരിപൂർണ്ണനാണെങ്കിൽ പിന്നെ പുത്രനേയും പരിശുദ്ധാത്മാവിനേയും ദൈവത്തിലേക്ക് കൂട്ടിക്കെട്ടുന്നതെന്തിന്? ദൈവം ആണ് ആദ്യമേ ഉള്ളവൻ. ഈ മൂന്ന് പേരിൽ ആദ്യം ഉണ്ടായത് ആരാണ്?. മൂന്നും ഒന്നിച്ചുണ്ടായിട്ടില്ല. പിതാവില്ലാതെ പുത്രനുണ്ടാകുമോ? പുത്രൻ പിതാവിന് മുമ്പ് ഉണ്ടാകാവതല്ല. പിതാവ് പുത്രനിൽ നിന്നും ഉണ്ടാകാവതല്ല. 1+ 1+ 1 = 3 എന്നതല്ലേ ശരി?. തുടങ്ങിയ കാര്യങ്ങൾ സങ്കീർണ്ണതയിലേക്ക് നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നു. എന്നാൽ ക്രൈസ്തവർ സാക്ഷാൽ ഏകദൈവത്തെ കൈവെടിഞ്ഞ് യേശുവിനെ തന്നെ ദൈവമായി സങ്കൽപിച്ച് ആരാധിക്കുന്നു. മാതാവായ കന്യാമർയമിനേയും ആരാധിക്കുന്നു. യേശു ജനിക്കുന്നതിന് മുമ്പുള്ളവർ ഏത് ദൈവത്തിൽ വിശ്വസിച്ചു? അന്ന് ത്രിയേകത്വ വിശ്വാസം ഉണ്ടായിരുന്നോ?. എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. സൂര്യദേവൻെറ പ്രതിബിംബമായി കണക്കാക്കപ്പെട്ടിരുന്ന റോമാ ചക്രവർത്തി കോൺസ്റ്റാൻടൈൻെറ അദ്ധ്യക്ഷതയിൽ എ. ഡി. 325-ൽ നിഖ്യായിൽ (Nicaea) വിളിച്ചു കൂട്ടിയ സുന്നഹോദോസിലാണ് (ബിഷപ്പുമാരുടെ സമ്മേളനം) ത്രിയേകത്ത്വത്തിന് അംഗീകാരം നൽകിയത് എന്ന് നാം മനസ്സിലാക്കണം.

## വേദഗ്രന്ഥങ്ങൾക്ക് സംഭവിച്ചതെന്ത്?

മുൻകഴിഞ്ഞ ഗ്രന്ഥങ്ങളിൽ തോറയും, സങ്കീർത്തനങ്ങളും, സുവിശേഷങ്ങളും ഉണ്ട്. അവ ജനങ്ങൾക്ക് ദൈവ

ത്തിൽ നിന്നുള്ള ന്യായപ്രമാണങ്ങളായിരുന്നു. ഖേദകരമെന്ന് പറയട്ടെ. ദൈവീകഗ്രന്ഥങ്ങളിൽ മനുഷ്യർ കൈകടത്തി അതിനെ വികൃതമാക്കി. അതിനാൽ പ്രവാചകന്മാർക്ക് ദൈവം നൽകിയ സത്യവേദഗ്രന്ഥങ്ങൾ പിൽക്കാലത്ത് നഷ്ടമായി. മനുഷ്യ കൈകടത്തലുകൾ ആ ഗ്രന്ഥങ്ങളുടെ പവിത്രത നഷ്ടപ്പെടുത്തി. അതിന്റെ സുന്ദര രൂപം വികൃതമാക്കി. ഫലമോ അതിൽ സ്ഖലിതങ്ങൾ കടന്നുകൂടി. ഇതെങ്ങനെ ബോധ്യമാകും? ഗ്രന്ഥങ്ങൾ പരിശോധിക്കുക. അതിൽ പ്രവാചകന്മാരുടെ അധ്യാപനങ്ങൾക്ക് വിരുദ്ധമായ ധാരാളം കാര്യങ്ങൾ കണ്ടെത്താൻ കഴിയും.

മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങൾ മനുഷ്യ കൈകടത്തലുകൾക്ക് വിധേയമായതായി അത് സംബന്ധിച്ച് പഠിക്കുന്ന ഏതൊരാൾക്കും ബോധ്യമാകുന്നതാണ്. ഇപ്പോൾ നമുക്ക് ലഭ്യമാകുന്ന വിവിധ ബൈബിളുകളുടെ രചന ദൈവം നേരിട്ട് നിർവ്വഹിച്ചതല്ലെന്ന് വായനക്കാർക്ക് മനസ്സിലാക്കാൻ കഴിയും. കാരണം വിവിധ കാലദേശങ്ങളിൽ ജീവിച്ചിരുന്ന വിവിധ വ്യക്തികളാണ് അതെഴുതിയത്. അതവർ തന്നെ സമ്മതിക്കുന്ന കാര്യവുമാണ്. ഈ വാചകം ശ്രദ്ധിക്കുക. "തെറ്റുപറ്റാത്ത വാക്കുകളുടെ സമുച്ചയമല്ല വേദപുസ്തകം. ഏത് ഗ്രന്ഥരചനയിലും ഉണ്ടാകാവുന്ന തെറ്റുകൾ വേദപുസ്തകത്തിലും കണ്ടേക്കാം. ചരിത്രാവബോധത്തിലുള്ള തെറ്റുകൾ, എഡിറ്റിംഗിലെ പോരായ്മകൾ, അച്ചടിപിശകുകൾ, ആശയം പറഞ്ഞു ഫലിപ്പിക്കാനുള്ള ശ്രമത്തിൽ അമിതാവേശം കൊണ്ടുണ്ടായിട്ടുള്ള പാകപ്പിഴകൾ, പുരുഷ മേധാവിത്വം നിലനിർത്തുന്ന ഭാഷാപ്രയോഗങ്ങൾ, വാമൊഴി വരമൊഴിയാകുമ്പോൾ സംഭവിക്കുന്ന തെറ്റുകൾ, ഇവയൊക്കെ വേദപുസ്തകത്തിൽ കാണുന്നുവെങ്കിൽ അത്ഭുതപ്പെടാനില്ല. മനുഷ്യർ എഴുതിയ ഗ്രന്ഥമല്ലേ?." (ബിഷപ്പ് ഡോ: പൗലോസ് മാർ പൗലോസ്- അഭിമുഖം മാതൃഭൂമി ആഴ്ചപ്പതിപ്പ് 96 -ഏപ്രിൽ 21-27- ഉദ്ധരണം: ഭക്തി മാർഗം, റഹീം കുറ്റ്യാടി, പേ:23, 24)

പഴയ നിയമവും, സങ്കീർത്തനങ്ങളും, പുതിയ നിയമവും അടങ്ങിയതാണ് വിശുദ്ധ ബൈബിൾ അഥവാ സത്യ വേദ പുസ്തകം എന്ന് ജനങ്ങളെ അതിന്റെ കൈകാര്യ കർത്താക്കൾ വിശ്വസിപ്പിച്ചു പോരുന്നു. പഴയനിയമം (Old Testament) എന്നും പുതിയ നിയമം (New Testament) എന്നും ബൈബിളിന് രണ്ട് വിഭാഗമുണ്ട്. പഴയ നിയമ വിഭാഗത്തിൽ 39 പുസ്തകങ്ങളും പുതിയ നിയമവിഭാഗത്തിൽ നാല് സുവിശേഷങ്ങളടക്കം 27 ലേഖനങ്ങളുമുണ്ട്. ന്യായ പ്രമാണമെന്ന് പറയപ്പെടുന്ന മോശെ പ്രവാചകന്റെ തോറയും, മൊത്തം 150 കാവ്യങ്ങൾ (അദ്ധ്യായങ്ങൾ) ഉൾക്കൊള്ളുന്ന ദാവീദിന്റെ സങ്കീർത്തനങ്ങളും (The Book Of Psalms) യേശുവിന് മുമ്പുള്ള ചില പ്രവാചകന്മാരുടെ ഉപദേശങ്ങളും, ചരിത്രങ്ങളും അടങ്ങിയതാണ് പഴയ നിയമ വിഭാഗമെന്നും, യേശുവിന്റെ സുവിശേഷങ്ങൾ അടങ്ങിയതാണ് പുതിയ നിയമ വിഭാഗമെന്നുമാണ് സങ്കൽപം. "ബിബ്ളിയാ (BIBLIA) എന്ന ഗ്രീക്ക് പദമാണ് ബൈബിൾ എന്നതിന്റെ മൂലം. ചെറു പുസ്തകം എന്നർത്ഥം. A D 392 മുതൽ 404 വരെ കോൺസ്റ്റാൻറ് നേപ്പിളിലെ പാത്രിയാർക്കീസായിരുന്ന ജോൺ കിസോസ്റ്റയാണ് ക്രിസ്തീയ വേദപുസ്തങ്ങൾക്ക് ബൈബിൾ എന്ന നാമകരണം ചെയ്തതെന്ന് കരുതപ്പെടുന്നു. (ശ്രീ. പി. റ്റി. കുരുവിള- ബൈബിൾ നൂറ്റാണ്ടുകളിലൂടെ- പേജ്- 2)

മേൽപറയപ്പെട്ട ഗ്രന്ഥങ്ങൾ അതിന്റെ അനുയായികളാൽ കൈകടത്തപ്പെടുകയും അവർക്കിഷ്ടമുള്ളത് കൂട്ടിച്ചേർക്കുകയും ഇഷ്ടമില്ലാത്തത് തള്ളിക്കളയുകുയും ചെയ്തിട്ടുണ്ട്. അത് അവർ തന്നെ സമ്മതിക്കുന്ന കാര്യവുമാണ്. റവ: എ. സി. ക്ളേയിറ്റൻ രചിച്ചതും മലയാള ക്രൈസ്തവ സാഹിത്യ സമിതി (തിരുവല്ല) പ്രസിദ്ധീകരിച്ചതുമായ (1950 ഏപ്രിൽ- രണ്ടാം പതിപ്പ്) വേദപുസ്തക നിഘണ്ടു 41-ൽ പറയുന്നു. "പുരാതന ഗ്രന്ഥകർത്താക്കന്മാരിൽ ചിലർ വിശിഷ്ടമായ ഒരു ഉപദേശത്തെ പ്രതിപാതിക്കുന്നതിന് ആഗ്രഹി

ച്ചാൽ അവർ തങ്ങൾ പറയുന്ന ഉപദേശം ദാവീദ്, ഹാനോക്ക്. യെശയ്യാവ് മുതലായ മഹാന്മാർ പറയുന്നുവെന്ന് ഭാവിച്ച് വാസ്തവത്തിൽ തങ്ങൾ തന്നെ എഴുതുന്നവയെ ആ മഹാന്മാർ എഴുതിയെന്ന് പറയുന്നത് അബദ്ധമാണെന്ന് വിചാരിച്ചിരുന്നില്ല." ശ്രീ. പി. റ്റി. കുരുവിള എഴുതുന്നു: 'മിക്ക പ്രവചനങ്ങളിലും പ്രവാചകന്മാരുടെ വ്യക്തമായ അരുളപ്പാടുകളും അവരുടെ ജീവചരിത്ര സംഭവങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത ചോദ്യം ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ മിക്ക പ്രവചനങ്ങളും അവയിൽ നാമകരണം ചെയ്തിട്ടുള്ള പ്രവാചകന്മാർ രചിച്ചിട്ടുള്ളതല്ലെന്നും, അവരുടെ ശിഷ്യഗണങ്ങളോ മറ്റു സമ്പാദകരോ എഴുതിയിട്ടുള്ളതാണെന്നും കരുതപ്പെടുന്നു.' (പി. റ്റി. കുരുവിള: ബൈബിൾ നൂറ്റാണ്ടുകളിലൂടെ പുറം:8) ഉദാഹരണങ്ങൾ ധാരാളമുണ്ട്. പഴയനിയമത്തിലെ ആവർത്തന പുസ്തകം (Deuteronomy) 34-ാം അദ്ധ്യായത്തിലെ കാര്യങ്ങൾ മോശെ പ്രവാചകന് ശേഷം എഴുതിയതാണെന്ന് അത് വായിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും. നമുക്കതി പ്രകാരം വായിക്കാം. "അങ്ങനെ യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചന പകാരം അവിടെ മോവാബ് ദേശത്തുവെച്ചു മരിച്ചു. അവൻ അവനെ മോവാബ് ദേശത്തു ബേത്ത്-പെയോരിന്നെതിരെയുള്ള താഴ്വരയിൽ അടക്കി; എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല.- മോശെ മരിക്കുമ്പോൾ അവന്നു നൂറ്റിരുപത് വയസ്സായിരുന്നു; അവന്റെ കണ്ണു മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു. യിസ്രയേൽ മക്കൾ മോശെയെക്കുറിച്ചു മോവാബ് സമഭൂമിയിൽ മുപ്പതു ദിവസം കരഞ്ഞു കൊണ്ടിരുന്നു; അങ്ങനെ മോശെയെക്കുറിച്ചു കരഞ്ഞുവിലപിക്കുന്ന കാലം തികഞ്ഞു." (ആവർത്തന പുസ്തകം- 34: 5-8) "എന്നാൽ മിസ്രയീം ദേശത്തു ഫറവോനോടും അവന്റെ സകല ഭൃത്യന്മാരോടും അവന്റെ സർവ്വദേശത്തോടും ചെയ്‌വാൻ യഹോവ മോശയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീര്യവും എല്ലായിസ്രയേലും കാൺകെ മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും

വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെ പ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല." (ആവർത്തന പുസ്തകം-34: 10-12) മോശെ പ്രവാചകൻേറതെന്ന് പറയപ്പെടുന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിൻെറ കാലം കഴിഞ്ഞ് പിന്നീട് ആരൊക്കെയോ കൈ കടത്തിയിട്ടുണ്ട് എന്നതിന് മേൽ കൊടുത്ത ഉദാഹരണം ധാരാളം മതിയാകും.

പുതിയ നിയമ വിഭാഗമാണ് ക്രിസ്തു മതത്തിനാധാരമായി ഗണിച്ചുവരുന്നത്. യേശുവിനെ കർത്താവായും, ദൈവപുത്രനായും, ദൈവമായും വിശേഷിപ്പിക്കുന്ന ക്രൈസ്തവ സമൂഹത്തിന് അദ്ദേഹം രചിച്ചതോ, അദ്ദേഹത്തിൽ നിന്ന് കേട്ടെഴുതപ്പെട്ടതോ, അദ്ദേഹത്തിൻെറ കാലത്ത് എഴുതപ്പെട്ടതോ ആയ ഒരു ഗ്രന്ഥം പേരിനെങ്കിലും അവരുടെ കൈവശമുള്ളതായി അവകാശപ്പെടാനില്ല എന്നതാണ് വസ്തുത. എന്നാൽ മത്തായി (Matthew), മാർക്കോസ് (Mark), ലൂക്കോസ് (Luke), യോഹന്നാൻ (John), എന്നിവരുടെ നാമങ്ങളിൽ അറിയപ്പെടുന്ന നാല് പുസ്തകങ്ങളാണ് സുവിശേഷങ്ങൾ എന്ന പേരിൽ ക്രൈസ്തവ സമൂഹം തങ്ങളുടെ മുഖ്യ മതപ്രമാണമായി അംഗീകരിച്ചു വരുന്നത്. കൂടാതെ 23 ലേഖനങ്ങൾ വേറെയുമുണ്ട്. മേൽപറയപ്പെട്ട നാല് സുവിശേഷകർത്താക്കളും 13 ലേഖനങ്ങളുടെ ഉടമയായ പൗലോസും (Paul) ആണ് പുതിയ നിയമ പുസ്തക കർത്താക്കളിൽ പ്രധാനപ്പെട്ടവർ. ഇവരിൽ മത്തായി, യോഹന്നാൻ എന്നിവർ യേശുവിൻെറ അപ്പോസ്തല ശിഷ്യന്മാരിൽ പെട്ടവരാണ്. മാർക്കോസ്, ലൂക്കോസ് എന്നിവർ യേശുവിൻെറ ശിഷ്യന്മാരല്ല. യേശുവിൻെറ പ്രധാന ശിഷ്യനും അപ്പോസ്തലനുമായ പത്രോസിൻെറ ശിഷ്യനാണ് മാർക്കോസ്. പൗലോസിൻെറ ശിഷ്യനാണ് ലൂക്കോസ്. കിലികൃയിലെ തർസൊസിൽ പിറന്ന കടുത്ത യഹൂദവാദിയും യേശുവിൻെറ പരമവിരോധിയും ഡമസ്കസിലേക്കുള്ള വഴിമദ്ധ്യേ സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ട യേശുവിനെ നേരിൽ കണ്ടുവെന്ന് പറഞ്ഞ് (അപ്പൊ:പ്രവ.22:3-9) കിസ്താബ്ദം 35-ൽ ക്രിസ്ത്യാനിയായി

സ്വയം അപ്പോസ്തല വേഷം സ്വീകരിച്ച് ക്രിസ്തു മതത്തിന് പുതിയൊരു അടിത്തറക്ക് രൂപകൽപന ചെയ്തയാളാണ് സെൻറ് പോൾ എന്നറിയപ്പെടുന്ന പൗലോസ്.

ഇംഗ്ളീഷ് ബൈബിൾ K. J. V., R. S. V. എന്നിങ്ങനെ തിരിച്ചതായി കാണാം. കിംഗ് ജെയിംസിൻെറ ഉത്തരവു പ്രകാരം 54 വേദശാസ്ത്ര പണ്ഡിതന്മാരുടെ സമിതി 1604-ൽ പൊതുവെ അംഗീകരിക്കപ്പെടുന്ന ഒരു ബൈബിൾ നിർമ്മിക്കാൻ നിയുക്തമായി. അവരുടെ ശ്രമഫലമായി ആംഗ്ളിക്കൻ സഭകൾക്ക് മുഴുവൻ അംഗീകൃതമായ ഒരു ഇംഗ്ളീഷ് ബൈബിൾ പുറത്തിറങ്ങി. ഇതാണ് കിംഗ് ജെയിംസ് വേർഷൻ (King James Verson- K. J. V.) അഥവാ അംഗീകൃത വിവർത്തനം (Authorised Version- A.V.) എന്നറിയപ്പെടുന്നത്. യഥാർത്ഥ ബൈബിളിലില്ലാത്ത ഗുരുതരമായ പലതും കിംഗ് ജെയിംസ് വേർഷനിൽ ഉണ്ടായിരുന്നു. ലഭ്യമായതിൽ ഏറ്റവും പുരാതനമായ ബൈബിൾ കയ്യെഴുത്തു പ്രതികളുമായി താരതമ്യം ചെയ്ത്, അവയിൽ ഇല്ലാത്തതും K. J. V- യിൽ കടത്തിക്കൂട്ടിയതുമായ ആശയങ്ങളും, വചനങ്ങളും, വാക്യങ്ങളും ഒഴിവാക്കിക്കൊണ്ട് 32 അമേരിക്കൻ വേദശാസ്ത്ര പണ്ഡിതന്മാരുടെ തീവ്രപരിശ്രമത്തിൻെറ ഫലമായി 1952- സെപ്തംബർ 30-ാം തിയ്യതി വെളിച്ചം കണ്ട പരിഷ്കരിച്ച ബൈബിളാണ് റിവൈസ്ഡ് സ്റ്റാൻേറർഡ് വേർഷൻ (Revised Standard Version- R. S. V.) പുതിയ നിയമത്തിലെ തിരുത്തലിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ത്രിയേകത്വത്തിന് തെളിവായി അറബി ബൈബിളിലും, കിംഗ് ജെയിംസ് വേർഷനിലും യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം (The First Epistle of John) 5:7- ൽ പറയുന്നത് "സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്: ഈ മൂവരും ഒന്നുതന്നെ". ഈ വചനം മഞ്ചേരി മർക്കസുൽ ബിഷാറ ഭാഷാന്തരം ചെയ്ത് പുറത്തിറക്കിയ സക്കരിയ ബ്രൂട്ടസിൻെറ "God is One in the Holy Trinity – അഥവാ വിശുദ്ധ ത്രിത്വത്തിൽ ദൈവം

ഏകനാണ്" എന്ന പുസ്തകത്തിൽ പേജ് 12-ൽ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ മർക്കസുൽ ബിഷപ്പറയും കേരളത്തിലെ മറ്റു പ്രൊട്ടസ്റ്റൻറ് മിഷ്യനറികളും വിതരണം ചെയ്യുന്നതും, പ്രൊട്ടസ്റ്റൻറ് സഭകൾ അംഗീകരിച്ചതും, ബാംഗ്ളൂരിലെ ഇന്ത്യാ ബൈബിൾ സൊസൈറ്റിയിൽ അച്ചടിച്ചതുമായ "സത്യ വേദ പുസ്തക"ത്തിലോ, കൊച്ചിയിലെ പാസ്റ്റൽ ഓറിയൻേറ ഷൻ പ്രസിദ്ധീകരിച്ചതും, കേരളാ കത്തോലിക് ബിഷപ്പ് കൗൺസിൽസ് ബൈബിൾ കമ്മീഷൻ തയ്യാറാക്കിയതും കത്തോലിക്കാ സഭ അംഗീകരിച്ചതുമായ "ബൈബിളിലോ", ഓശാന പ്രസിദ്ധീകരണം പാലാ വിതരണം ചെയ്യുന്ന "മലയാളം ബൈബിളിലോ", 1952-ൽ പുറത്തിറങ്ങിയ റിവൈ സ്ഡ് സ്റ്റാൻേറർഡ് വേർഷൻ ഇംഗ്ളീഷ് ബൈബിളിലോ, പ്രസ്തുത വചനം ഇല്ല. എന്നുമാത്രമല്ല 19-ാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ നവോത്ഥാന നായകനും പണ്ഡിതനും ക്രൈസ്തവ പാതിരിമാരുടെ കണ്ഠകോടാലി യുമായിരുന്ന സയ്യിദ് സനാഉല്ലാ മക്തി തങ്ങളുടെ (റഹിമഹു ല്ലാഹ്) പ്രചണ്ഡമായ പ്രചാരണ പ്രബോധന പ്രവർത്തന ങ്ങൾക്കു മുമ്പിൽ ഉത്തരം മുട്ടിയ ക്രൈസ്തവ നേതൃത്വം അദ്ദേഹത്തിൻെറ ജീവിത കാലത്തുതന്നെ (അതായത് 1912ന് മുമ്പ്- തങ്ങൾ മരണപ്പെട്ട വർഷം) മലയാളം ബൈബിളിൽ നിന്നും ഈ വചനം നീക്കിയിരുന്നു. (വിശദീകരണത്തിന് കെ. കെ. മുഹമ്മദ് അബ്ദുൽ കരീം എഴുതിയ "സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ" എന്ന ജീവചരിത്ര ഗ്രന്ഥം നോക്കുക) ഇനിയും ഉദാഹരണങ്ങൾ ധാരാളമുണ്ട്. അപ്പോൾ ധാരാളം കൈകടത്തലുകൾക്ക് വിധേയമായതും ഒരു ദൈവിക ഗ്രന്ഥ ത്തിന് യോജിക്കാത്ത നിരവധി പ്രയോഗങ്ങളും, വർത്തമാന ങ്ങളും, മാതൃകാ പുരുഷന്മാരായ ദൈവീക പ്രവാചകന്മാരെ സംബന്ധിച്ച് യാതൊരു നിലക്കും അവർക്ക് യോജിക്കാത്ത കാര്യങ്ങളും അടങ്ങിയതാണ് ഇന്നുള്ള സത്യവേദ പുസ്തകം എന്നതാണ് സത്യം.

ഹൈന്ദവ വേദങ്ങൾക്കും ഇതുപോലുള്ള അവസ്ഥ കൾ ഉണ്ടായതായി അതുമായി ബന്ധപ്പെട്ട് പഠനം നടത്തിയ പണ്ഡിതന്മാർ സൂചിപ്പിക്കുന്നുണ്ട്. 'നഷ്ടപ്പെട്ട വേദത്തെ വീണ്ടെടുത്തത് പോലെ സീതയെ ഞാൻ കൊണ്ടുവരാം' എന്ന് രാമായണത്തിൽ(6:5) ഹനുമാൻ പറയുന്ന കാര്യം ഇതിന് തെളി വായി ഉദ്ധരിക്കപ്പെടുന്നുണ്ട്. 'വേദങ്ങൾ നഷ്ടപ്പെടുവാനുള്ള പ്രധാന കാരണം അവ സുരക്ഷിതമായി സൂക്ഷിക്കുന്നതിൽ വന്ന അപാകതയാണ്. വേദങ്ങളുടെ പ്രചാരണക്കുറവും തല മുറകൾ കൈ മാറുന്നതിൽ വരുത്തിയ അലംഭാവവുമെല്ലാം ഇതിൽപെടുന്നു. വേദങ്ങൾ എഴുതി സൂക്ഷിക്കുന്നത് ആദ്യ കാലത്ത് നിരോധിക്കുക പോലുമുണ്ടായി. വേദം കേൾക്കുന്ന ശൂദ്രന്റെ കാതിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന് പ്രാക്തന പണ്ഡിതന്മാർ നിയമമുണ്ടാക്കി. ഇത്തരം അവസ്ഥകൾ കാരണമായി ഓരോ തലമുറയിലും വേദത്തിലെ മുഖ്യ പാഠ ങ്ങൾക്ക് മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. കേട്ടുപഠിച്ച ആളിന്റെ ബുദ്ധിയുടെ നില വാരം, മറവി തുടങ്ങിയവ നിമിത്തമെല്ലാം ഇത് സംഭവിച്ചിട്ടുണ്ടാകാം.' (സമാവേദം, ആമുഖത്തിൽ നിന്ന്, പേജ് XXI, എം. കെ. മാധവൻ നായർ, വിദ്യാർത്ഥി മിത്രം ബുക്സ്, കോട്ടയം, 1975 -ഉദ്ധരണം: വേദദർശനം: ശിഹാബുദ്ദീൻ ആരാമ്പ്രം പേ: 75) "അർത്ഥം മനസിലാക്കാതെ വേദം ഓതിയ ജനതക്ക് കാലക്രമത്തിൽ വേദത്തിൽ അശ്രദ്ധയുണ്ടാകാൻ ഇടയായി. വിദ്യാർത്ഥികളുടെ അലക്ഷ്യ ഭാവം കാരണം "പല വേദശാഖകളും" കാലാന്തരത്തിൽ നഷ്ടപ്പെട്ടു." (ശ്രീ ഭാനന്ദ സ്വാമി ഹിന്ദുമതം- ഒരു ലഘു വീക്ഷണം പേജ് 11 - ഉദ്ധരണം: ഭക്തി മാർഗം, റഹീം കുറ്റ്യാടി, പേ:23)

# 4. അന്തിമ ദൂതൻ

മേൽപറഞ്ഞ കാര്യങ്ങൾ നാം മനസ്സിലാക്കി. ദൈവം ഏകനാണെന്നും അവനെ മാത്രമേ ആരാധിക്കാവൂ എന്നും ബഹുദൈവങ്ങൾ ഉണ്ടാകരുതെന്നുമുള്ള മതഗ്രന്ഥങ്ങളുടെ സന്ദേശങ്ങൾ നാം വായിച്ചു. ഈ സന്ദേശം ജനങ്ങളിലേക്കെത്തിക്കാൻ ദൈവം തൻെറ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ടെന്ന കാര്യവും നാം മനസ്സിലാക്കി. ആ ദൂതന്മാരിൽ അന്തിമനാണ് മുഹമ്മദ് നബി. ജനങ്ങൾ കൈകടത്തി മാറ്റിമറിച്ച ദൈവീക മതത്തെ സംശുദ്ധമാക്കാനും ധർമ്മ സംസ്ഥാപനത്തിനും വേണ്ടി കടന്നുവന്ന അവസാനത്തെ ദൈവദൂതൻ.

## മുഹമ്മദ് നബി

ക്രിസ്താബ്ദം 571 ഏപ്രിൽ 22ന് മക്കയിൽ ഭൂജാതനായി. പിതാവിൻെറ പേര് അബ്ദുള്ള. മാതാവിൻെറ പേര് ആമിന. മുലയൂട്ടി വളർത്തിയത് ഹലീമ എന്ന സ്ത്രീയാണ്. ജനിക്കുന്നതിന് മുമ്പ് പിതാവും ജനിച്ച് ആറാമത്തെ വയസ്സായപ്പോൾ മാതാവും മരണപ്പെട്ടു. തുടർന്ന് സംരക്ഷണമേറ്റെടുത്ത പിതാമഹൻ അബ്ദുൽ മുത്തലിബാകട്ടെ എട്ട് വയസ്സ് പൂർത്തിയായപ്പോൾ മരണപ്പെട്ടു. പിതൃസഹോദരനായ അബൂത്വാലിബാണ് പിന്നീട് സംരക്ഷകനായത്. ചെറുപ്പത്തിൽ ആട്ടിടയനായും കച്ചവടത്തിലേർപ്പെട്ടും ജീവിച്ചു. സത്യസന്ധതയിലും വിശ്വസ്തതയിലും അദ്ദേഹത്തെപ്പോലെ കീർത്തി നേടിയ ഒരാൾ ആ നാട്ടിലുണ്ടായിരുന്നില്ല. സ്നേഹത്താൽ നാട്ടുകാർ ഒന്നടങ്കം അദ്ദേഹത്തെ വിളിച്ചത് 'അൽ-അമീൻ' അഥവാ വിശ്വസ്തൻ എന്നായിരുന്നു. 25-ാമത്തെ വയസ്സിൽ കുടുംബ ജീവിതത്തിലേക്ക് കടന്നു. തന്നെക്കാൾ 15 വയസ്സ് പ്രായക്കൂടുതലുള്ള 40 വയസ്സെത്തിയ ഖദീജയായിരുന്നു ആദ്യത്തെ ഭാര്യ.

എങ്ങും അന്ധകാരം, ബഹുദൈവാരാധന, വിഗ്രഹ പൂജ, അന്ധവിശ്വാസം, അനാചാരങ്ങൾ, അധാർമ്മികത, മദ്യപാനം, ചൂത്കളി, പലിശ, വ്യഭിചാരം, കൊലപാതകം, കൊള്ള, പിടിച്ചുപറി, പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടൽ തുടങ്ങിയ അരാജകത്വങ്ങളും ആഭാസങ്ങളും കൊടികുത്തിവാഴുന്ന കാലം. ഇതിൽ നിന്നെല്ലാം അകന്ന് ഏകാന്തനായി മക്കയിൽ ജബൽ അന്നൂറിലുള്ള ഹിറാ ഗുഹയിൽ ധ്യാനനിമഗ്നനായി കഴിഞ്ഞുകൂടുകയാണ് മുഹമ്മദ്. നാൽപ്പതാമത്തെ വയസ്സിൽ ദിവ്യവെളിപാടുണ്ടായി. ഖുർആനിൽ നിന്നുള്ള വചനങ്ങൾ മാലാഖയായ ജിബ്‌രീൽ ചൊല്ലിക്കൊടുത്തു. അതിൻെറ സാരം ഇങ്ങനെയാണ്. "സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ നീ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ അത്യുദാരനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു." വിശുദ്ധ ഖുർആനിലെ 96-ാം അദ്ധ്യായത്തിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള സൂക്തങ്ങൾ. ഖുർആൻ അവതരണത്തിൻെറ തുടക്കമായിരുന്നു അത്.

ഈ സംഭവം അദ്ദേഹത്തിൻെറ ജീവിതത്തിലെ ഏറ്റവും വലിയ വഴിത്തിരിവായിരുന്നു ഒപ്പം ഒരു ജനതയുടേയും. ഇതോടെ അവിടന്ന് പ്രവാചകനായിത്തീർന്നു. 23 വർഷമാണ് പ്രവാചക ജീവിതം 13 വർഷം മക്കയിലും 10 വർഷം മദീനയിലും. 63-ാമത്തെ വയസ്സിൽ ലോകത്തിൻെറ പ്രവാചകൻ ലോകത്തോട് വിടപറഞ്ഞു. അനുചരന്മാർ പ്രവാചകൻെറ പുണ്യദേഹം ഖബറടക്കം നടത്തി. ലോക മുസ്‌ലിംകളുടെ രണ്ടാം തീർത്ഥാടന കേന്ദ്രമായ മദീനയിലെ പ്രവാചക പള്ളിയുടെ സമീപത്തുള്ള ഒരു ഭവനത്തിൽ ഇന്നും ആ ഖബർ ലോകർക്ക് തെളിവായി നിലകൊള്ളുന്നു.

പ്രവാചക ജീവിതം തുറന്ന പുസ്തകമാണ്. ആ ജീവിതത്തിന് രഹസ്യങ്ങളില്ല. എല്ലാം പരസ്യം. ആ സമ്പൂർണ്ണ

ജീവിതം ചരിത്രത്താളുകളിൽ രേഖപ്പെട്ടുകിടപ്പുണ്ട്. ആ ജീവിതം ഭാവനാവിലാസമോ സങ്കൽപ്പമോ ആയിരുന്നില്ല. ആരുടെയെങ്കിലും മനോമുകരത്തിൽ ഉദയം ചെയ്ത നിറംപിടിപ്പിച്ച കഥകളല്ല പ്രവാചക ചരിത്രം. മറിച്ച് അത് യാഥാർത്ഥ്യമാണ്. മുഹമ്മദ് നബി സാധാരണ ജനങ്ങളിൽ ഒരുവനായും, പിതാവായും, ഭർത്താവായും, കുടുംബ നാഥനായും, അയൽവാസിയായും, സുഹൃത്തായും, പടയാളിയായും സൈന്യാധിപനായും, ഭരണാധികാരിയായും, സഹയാത്രികനായും അതിലുപരിയായി പ്രവാചകനായും, എന്നുവേണ്ട ജീവിതത്തിലെ വിവിധ തുറകളിൽ തുല്യതയില്ലാത്ത ജീവിതം നയിച്ച് മാതൃക കാണിച്ചു. പ്രവാചകൻ പൊതുജീവിതത്തിലിറങ്ങും മുമ്പേ വിശ്വസ്തൻ, സർവ്വസമ്മതൻ, മാതൃകായോഗ്യൻ, ശത്രുക്കൾക്ക് പോലും ഇകഴ്ത്താൻ കഴിയാത്ത ഉന്നത വ്യക്തിത്വത്തിനുടമ, മരണാനന്തരവും ആരാലും തള്ളിപ്പറയപ്പെടാത്ത നിർമ്മല ജീവിതത്തിൻെറ ഉടമ, മിത്രങ്ങൾ മാത്രമല്ല ശത്രുക്കളും പുകഴ്ത്തിയ പ്രവാചകൻ എന്നീ സവിശേഷതകൾ പ്രസിദ്ധമാണ്. വിശദമായി പഠിക്കേണ്ടവർ ചരിത്രഗ്രന്ഥങ്ങളിലേക്ക് മടങ്ങുക.

## സുവിശേഷമറിയിക്കപ്പെട്ട ദൈവദൂതൻ

മുൻകഴിഞ്ഞ ദൈവദൂതന്മാരാൽ സുവിശേഷമറിയിക്കപ്പെട്ട ദൈവദൂതനാണ് മുഹമ്മദ് നബി. വേദഗ്രന്ഥങ്ങളിൽ പ്രസ്തുത സുവിശേഷങ്ങൾ ഇന്നും മായാതെ കിടക്കുന്നതായി നമുക്ക് കാണാൻ കഴിയും. പഴയനിയമ ഗ്രന്ഥത്തിലെ ആവർത്തന പുസ്തകം 18:18,19 ൽ ഇപ്രകാരം കാണാം "നിന്നെ പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചു എൻെറ വചനങ്ങളെ അവൻെറ നാവിന്മേൽ ആക്കും; ഞാൻ അവനോട് കൽപ്പിക്കുന്നതൊക്കെയും അവൻ അവരോട് പറയും. അവൻ എൻെറ നാമത്തിൽ പറയുന്ന എൻെറ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോട് ഞാൻ ചോദിക്കും."

മേൽകൊടുത്ത വചനത്തിലെ സുവിശേഷമാരെക്കുറിച്ചാണ്?. യഹോവയായ ദൈവം സംസാരിക്കുന്നത് മോശെ പ്രവാചകനോടാണ്. "നിന്നെപ്പോലെ" എന്ന് പറഞ്ഞത് മോശെയെപ്പോലെ എന്നാണ് നാം മനസ്സിലാക്കുന്നത്. "അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന്" എന്ന വചനം സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. അബ്രഹാമിൻെറ പുത്രനായ ഇസ്ഹാഖിൻെറ പരമ്പരയിലുള്ള ഇസ്റാഈൽ സന്തതികളുടെ സഹോദരന്മാരായ- അബ്രഹാമിൻെറ ആദ്യജാതനായ പുത്രൻ ഇസ്മാഈലിൻെറ പരമ്പരയിലുള്ള സന്തതികളെയാണ് ഉദ്ദേശം. ഇതിൽ യേശു ഒഴിവാക്കപ്പെട്ടിരിക്കുന്നു. കാരണം യേശു ഇസ്റാഈൽ വംശത്തിലുള്ളയാളാണ്. അപ്പോൾ യേശുവിനെ ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളിൽ നിന്ന് എന്ന പ്രയോഗമായിരിക്കും നടത്തുക. അബ്രഹാം പ്രവാചകൻെറ രണ്ട് സന്തതികളിൽ ഒന്ന് ഇസ്മാഈൽ. രണ്ട് ഇസ്ഹാഖ്. ഇസ്ഹാഖിൻെറ സന്തതി പരമ്പരകളിൽ ഇസ്റാഈൽ വംശം നിലവിൽവന്നു. ഇസ്മാഈൽ സന്തതികളിൽ നിന്ന് അറബികളും നിലവിൽവന്നു. മോശേപ്രവാചകൻ ഇസ്റാഈൽ വംശത്തിലുള്ളയാളാണ്.

ഇനി നാം പരിശോധിക്കേണ്ടത് ഈ പ്രവചനം പൂർത്തിയായിട്ടുണ്ടോ എന്നാണ്. മോശേയോട് പറഞ്ഞ കാര്യങ്ങൾ വെച്ച് മോശേയേയും, യേശുവിനേയും, മുഹമ്മദിനേയും താരതമ്യ പഠനത്തിന് വിധേയമാക്കുക. മോശേക്ക് ശേഷം സഹോദര വംശത്തിൽ നിന്ന് വരുമെന്ന് പ്രവചിക്കപ്പെട്ട പ്രവാചകൻ ആരാണെന്ന് നമുക്ക് പരിശോധിക്കാം. താഴെ കൊടുത്തിരിക്കുന്ന താരതമ്യ പഠന പട്ടിക ശ്രദ്ധിക്കുക.

| താരതമ്യ പഠനം | മോശെ | മുഹമ്മദ് | യേശു |
|---|---|---|---|
| ജനനം | സാധാരണ | സാധാരണ | അസാധാരണ |
| കുടുംബ ജീവിതം | ഭാര്യാ, മക്കൾ | ഭാര്യാ, മക്കൾ | അവിവാഹി തൻ |
| മരണം | സ്വാഭാവികം | സ്വാഭാവികം | അത്ഭുതകരം |
| ഉത്തര വാദിത്തം | പ്രവാചകൻ, ഭരണാധികാരി | പ്രവാചകൻ, ഭരണാധികാരി | പ്രവാചകൻ |
| നാടും, ശത്രുക്ക ളും | മദ്‌യനിലേക്കു ള്ള പലായനം ശത്രുക്കൾ പിന്നാലെ | മക്ക വിട്ട് മദീനയിലേക്ക് ശത്രുക്കൾ പിന്നാലെ | ഇതൊന്നും ഇല്ല |
| ശത്രുക്ക ളുമായി നേരിട്ടതി ൻെറ ഫലം | ആത്മീയവും ഭൗതികവുമായ വിജയം | ആത്മീയവും ഭൗതികവുമാ യ വിജയം | ആത്മീയ വിജയം |
| ദൈവസ ന്ദേശം രേഖപ്പെ ടുത്തി വെക്കൽ | ജീവിതകാലത്ത് സംഭവിച്ചു. | ജീവിതകാല ത്ത് സംഭ വിച്ചു | കാലശേഷം |
| അധ്യാപ നം | ആത്മീയം, നിയമപരം | ആത്മീയം, നിയമപരം | ആത്മീയം മാത്രം |
| ജനത യുടെ അംഗീകാ രം | ആദ്യം തള്ളി പിന്നെ സ്വീകരിച്ചു | ആദ്യം തള്ളി പിന്നെ സ്വീകരിച്ചു. | തള്ളിക്കളഞ്ഞു. |

ഈ താരതമ്യ പഠനം വ്യക്തമാക്കുന്ന കാര്യം മോശെയെ പ്പോലെയുള്ള പ്രവാചകൻ യേശുവല്ല മുഹമ്മദ് നബിയാണെ

ന്നാണ്. "എന്റെ വചനങ്ങൾ അവന്റെ നാവിന്മേലാക്കും" എന്നതിന്റെ പുലർച്ചയാണ് മുഹമ്മദ് നബിക്ക് ലഭിച്ച ദൈവ വചനങ്ങൾ ഗ്രന്ഥരൂപത്തിലല്ല സന്ദേശങ്ങളായി കേൾപ്പിക്ക പ്പെടുകയും അവിടന്ന് ഹൃദ്യസ്ഥമാക്കുകയുമായിരുന്നു എന്നത്. മാത്രമല്ല ആ വചനങ്ങളിൽ നബിയുടെ ചിന്തയോ പദപ്രയോ ഗമോ കൂടിക്കലർന്നിട്ടില്ല. "എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ" എന്നതിന് തെളിവത്രെ ഖുർആനിലെ അധ്യായങ്ങൾ തുടങ്ങുന്നത് "പരമകാരുണികനും കരുണാനി ധിയുമായ അല്ലാഹുവിന്റെ നാമത്തിൽ" എന്നു പറഞ്ഞുകൊ ണ്ടാണ്. ചിന്തിക്കൂ. മുഹമ്മദ്നബി മോശെയെപ്പോലെയല്ലേ? ഇതംഗീകരിക്കുന്നില്ലെങ്കിൽ ആവർത്തന പുസ്തകത്തിൽ കാണുന്ന ഈ പ്രവചനം ഇനിയും പൂർത്തിയായിട്ടില്ലെന്ന് വരുന്നു.

യെഹൂദന്മാർ യെരുശലേമിൽ നിന്ന് പുരോഹിതന്മാ രേയും ലേവ്യരേയും താൻ ആരാണെന്ന് അന്വേഷിക്കാൻ യോഹന്നാന്റെ അടുക്കലേക്ക് അയച്ചകാര്യം യോഹന്നാൻ 1/20,21,ൽ ഇപ്രകാരം രേഖപ്പെടുത്തിയതായി കാണാം "അവൻ മറക്കാതെ ഏറ്റുപറഞ്ഞു. പിന്നെ എന്ത്? നീ ഏലിയാവോ എന്നു അവനോട് ചോദിച്ചതിന്: അല്ല എന്നു പറഞ്ഞു. നീ ആ പ്രവാചകനോ? എന്നതിന്നു: അല്ല എന്നു അവൻ ഉത്തരം പറഞ്ഞു." ഇതിൽ നീ ആ പ്രവാചകനോ? എന്നത് പ്രസക്തമായ ചോദ്യമാണ്. അതിന് അല്ല എന്നാണുത്തരം. പിന്നെ ആ പ്രവാചകൻ ആരാണ്? യേശുവിനും യോഹ ന്നാനും ശേഷമുള്ള ആ പ്രവാചകൻ ആരാണ്? മുഹമ്മദ് നബിയല്ലാതെ മറ്റാരാണ്? യോഹന്നാൻ-16-7,8-ൽ യേശു പറഞ്ഞത് വായിക്കുക "എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും."

യോഹന്നാൻ 16:12 മുതൽ 14-വരെ വായിക്കുക. ഇനിയും വളരെ നിങ്ങളോട് പറവാൻ ഉണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിൻെറ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും. അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചുതരുകയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും." യേശുവിൻെറ കാലശേഷം ലോകത്തേക്ക് കടന്ന് വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും സംസാരിച്ച പ്രവാചകനാര്? സകലസത്യത്തിലും ജനങ്ങളെ വഴിനടത്തിയ സത്യത്തിൻെറ ആത്മാവാരാണ്? സ്വന്തമായി സംസാരിക്കാതെ ദൈവത്തിൽ നിന്ന് കേട്ടത് സംസാരിച്ചതാര്? ഭാവിയിൽ വരാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി പ്രവചിച്ചതാരാണ്? എന്നെ മഹത്വപ്പെടുത്തും എന്ന് യേശു അറിയിച്ചല്ലോ. ആ നിലക്ക് യേശുവിനെ മഹത്വപ്പെടുത്തിയതാരാണ്? മുഹമ്മദ് നബി യേശുവിനെ ഇകഴ്ത്തിയിട്ടില്ല. മറിച്ച് പുകഴ്ത്തുകയായിരുന്നു. അദ്ദേഹം കൊണ്ടുവന്ന വിശുദ്ധ ഗ്രന്ഥം യേശുവിൻെറയും മാതാവ് മറിയത്തിൻെറയും മഹത്വം ലോകർക്ക് ബോദ്ധ്യപ്പെടുത്തുകയായിരുന്നു. ഉദാഹരണമായി "ഗലീലയിലെ കാനാവിൽ നടന്ന കല്യാണ വിരുന്നിൽ വീഞ്ഞു പോരാതെ വന്നപ്പോൾ രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കല്പാത്രത്തിൽ നിറച്ച പച്ച വെള്ളം വീഞ്ഞാക്കി മാറ്റിയതാണ്" യേശുവിൻെറ ഒന്നാമത്തെ അത്ഭുതമായി യോഹന്നാൻ സുവിശേഷം 2:1-11 പറയുന്നതെങ്കിൽ, 'മാതാവിൻെറ ചാരിത്ര്യ ശുദ്ധിയിൽ സംശയിച്ച ജനതയോട് മാതാവിൻെറ ചാരിത്ര്യ വിശുദ്ധിയെപ്പറ്റി തൊട്ടിലിൽ കിടന്ന് സംസാരിക്കുന്ന യേശുവെന്ന അത്ഭുത ശിശുവിനെയാണ്' ക്വുർആൻ (19:16-33) പരിചയപ്പെടുത്തുന്നത്. ഇങ്ങനെ നോക്കുമ്പോൾ മേൽ സൂചിപ്പിച്ച കാര്യങ്ങൾ നൂറു ശതമാനവും യോജിക്കുക മുഹമ്മദ് നബിക്കാണ്. മുഹമ്മദ് നബിക്ക് മാത്രമാണ്. ചിന്തിക്കുക.

പഴയ നിയമത്തിലും പുതിയ നിയമത്തിലും മാത്രമല്ല ഹൈന്ദവ കൃതികളിലും നമുക്ക് ആ സുവിശേഷ വർത്തമാനങ്ങൾ കണ്ടെത്താൻ കഴിയും. വ്യാസ മഹർഷിയുടെ ഭാവി കാര്യങ്ങളെക്കുറിച്ച പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന ഭവിഷ്യൽ പുരാണത്തിൽ മുഹമ്മദ് നബിയെക്കുറിച്ചുള്ള വ്യക്തമായ ചില പ്രവചനങ്ങളുണ്ട്. ഭവിഷ്യൽ പുരാണം പ്രതിസർഗ പർവം മൂന്നാം കാണ്ഡം മൂന്നാം അധ്യായം ശ്ളോകം 5-ൽ ഇങ്ങനെ കാണാം.

ഏത സ്മിന്നന്തരേ മ്ളേഛ ആചാര്യേണ സമന്വിത

മഹാമത ഇതിഖ്യാദഃ ശിഷ്യ ശാഖാ സമന്വിതം

(അപ്പോൾ മഹാമദ് (മുഹമ്മദ്) എന്ന പേരിൽ വിദേശിയായ ഒരു ആചാര്യൻ തൻെറ അനുചരന്മാരോടുകൂടി പ്രത്യക്ഷപ്പെടും.)

ശ്ളോകം 25 മുതൽ 28വരെയുള്ള ഭാഗങ്ങളിൽ വരാനിരിക്കുന്ന ആചാര്യൻെറ അനുയായികളുടെ അടയാളങ്ങളെക്കുറിച്ചാണ് വ്യാസമഹർഷി പ്രവചിക്കുന്നത്. അതിപ്രകാരമാണ്

ലിംഗഛേദി ശിഖാഹീനഃ ശ്മശ്രുധാരി സദൂഷക

ഉച്ചാലപീ സർവ്വ ഭക്ഷീ ഭവിഷ്യതി ജനമോം

വിന കൌശലം ചവശവസ്തോ ഷാം ഭക്ഷയാ മതാമാം

മൂസലേനൈവ സംസ്കാരഃ കൂശൈരി ഭവിശ്യതി

തസ്മാൻ മൂസല വന്തോഹി ജാതയോ ധർമ്മ ദൂഷകാഃ

ഇതി പൈശാച ധർമ്മശ്ച ഭവിഷ്യതി മയാകൃതഃ

(അദ്ദേഹത്തിൻെറ അനുയായികൾ ഛേലാകർമ്മം ചെയ്യും. അവർ കുടുമ വെക്കുകയില്ല. അവർ താടി വളർത്തും. അവർ വിപ്ളവകാരികളും ജനങ്ങളോട് അത്യുച്ചത്തിൽ പ്രാർത്ഥിക്കുവാൻ ഉദ്ഘോഷിക്കുന്നവരുമായിരിക്കും. അവർ പന്നിയെ ഒഴിച്ച് മറ്റ് മിക്ക മൃഗങ്ങളെയും ഭക്ഷിക്കും. ശുദ്ധി ചെയ്യുവാൻ

ദർഭ ഉപയോഗിക്കുന്നതിന് പകരം സമരം ചെയ്ത് അവർ വിശുദ്ധരാകും. മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതാകയാൽ മുസലേനൈവർ (മുസ്ലിംകൾ) എന്ന പേരിൽ അവർ അറിയപ്പെടും. ഈ മാംസഭുക്കുകളുടെ ആവിർ ഭാവം എന്നിൽ നിന്നായിരിക്കും.)

ഈ പ്രവചനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത് മുഹമ്മദ് നബിയും അദ്ദേഹത്തിൻെറ അനുയായികളായ മുസ്ലിംകളു മാണ് എന്ന വസ്തുത വിശദീകരിക്കാതെ തന്നെ മനസ്സിലാ കും. ഇതുപോലെ സാമവേദത്തിലെ അഹമിധിയും, കുന്തപ സൂക്തത്തിലെ നരാശംസ അഥവാ സ്തുത്യർഹനായവൻ- എന്നതുമെല്ലാം വ്യക്തമാക്കുന്നത് അന്തിമാചാര്യനായ മുഹമ്മദ് നബിയെ സംബന്ധിച്ചാണെന്ന് അതു സംബന്ധമായി പഠനം നടത്തിയവർ സമ്മതിക്കുന്ന കാര്യമാണ്. അതിനാൽ വേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടതും സുവിശേഷമറിയിക്ക പ്പെട്ടതുമായ അവസാനത്തെ സത്യസന്ദേശ വാഹകനും ലോകത്തിൻെറ പ്രവാചകനുമായ മുഹമ്മദ് നബിയെ അംഗീക രിക്കൽ പ്രസ്തുത ഗ്രന്ഥങ്ങൾ വിശ്വസിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും ബാദ്ധ്യതയാണ്.

# 5. അവസാനത്തെ വേദഗ്രന്ഥം.

ദൈവം മുൻകഴിഞ്ഞ ദൂതന്മാർക്ക് ഗ്രന്ഥങ്ങൾ നൽകിയിട്ടുണ്ട് എന്ന കാര്യം നാം മുമ്പ് പറഞ്ഞു. പ്രസ്തുത ഗ്രന്ഥങ്ങൾ മനുഷ്യ കൈകടത്തലുകൾക്ക് വിധേയമായിട്ടുണ്ട് എന്നതും നാം മനസ്സിലാക്കി. മറ്റു പ്രവാചകന്മാരെപ്പോലെ മുഹമ്മദ് നബിക്ക് ലഭിച്ച ദൈവിക സന്ദേശങ്ങളുടെ സമാഹാരമാണ് വിശുദ്ധ വേദഗ്രന്ഥമായ ക്വുർആൻ. അത് സകല വേദഗ്രന്ഥങ്ങളുടേയും സമാപ്തിയായി അവതരിപ്പിക്കപ്പെട്ട അന്തിമ ഗ്രന്ഥമാണ്. 40-ാം മത്തെ വയസ്സിൽ ഹിറാ ഗുഹയിൽ തുടങ്ങി 23 വർഷം കൊണ്ട് അവതരിച്ച് സമ്പൂർണ്ണമായതാണ് ആ ഗ്രന്ഥം. ഇത് മുഹമ്മദ് നബി എഴുതി ഉണ്ടാക്കിയതല്ല. മുൻ കഴിഞ്ഞ ഗ്രന്ഥങ്ങളുടെ നല്ല വശങ്ങൾ പകർത്തിയെടുത്ത് ക്രോഡീകരിച്ചതുമല്ല. കാരണം മുഹമ്മദ് നബി അക്ഷരജ്ഞാനിയല്ല. എഴുത്തും വായനയും അദ്ദേഹത്തിന് വശമില്ല. മനുഷ്യ കുലത്തിൽ അദ്ദേഹത്തിനൊരു അദ്ധ്യാപകനില്ല. നിരക്ഷരനായ മുഹമ്മദ് നബിക്ക് അത്യത്ഭുതവും നിത്യനൂതനവുമായ ഈ ഗ്രന്ഥം കൊണ്ടുവരിക അസാദ്ധ്യം. നിരക്ഷരൻ പോകട്ടെ സാഹിത്യ സാമ്രാട്ടുകൾക്കുപോലും അത്ഭുതമായ ഈ ഗ്രന്ഥം കൊണ്ടുവരിക അസാദ്ധ്യമാണ്. പിന്നെ എങ്ങനെ എഴുത്തും വായനയും അറിയാത്ത പ്രവാചകന്റെ കരങ്ങളാൽ ഇത് വിരചിതമാകും? സാധ്യമല്ല. മനുഷ്യ വചനമല്ല ദൈവവചനമാണത്. ദൈവത്തിങ്കൽ നിന്ന് അവതീർണ്ണമായ ഓരോസൂക്തവും അപ്പപ്പോൾ തന്നെ ഹൃദിസ്ഥമാക്കിയ പ്രവാചകൻ എഴുത്തുകാരായ തന്റെ ശിക്ഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുകയും അവർ അത് രേഖപ്പെടുത്തിവെക്കുകയും ചെയ്തു. പിന്നീട് അത് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടു. മുഹമ്മദ് നബിക്ക് ദൈവം അവതരിപ്പിച്ച അതേ നിലയിൽ വള്ളി പുള്ളി വിസർഗ വ്യാത്യാസമില്ലാതെ ഇന്നും എന്നും നിലകൊള്ളുന്ന ഏകഗ്രന്ഥം ക്വുർആൻ

മാത്രമാണ്. അത് അമാനുഷികമാണ്. മാർഗ്ഗദർശനവും വെളിച്ചവുമാണ്. അതനുസരിച്ച് ജീവിക്കുന്നവനാണ് യഥാർത്ഥ മുസ്ലിം. അത് മുസ്ലിംകളുടെ മാത്രം ഗ്രന്ഥമല്ല. ലോകത്ത് ജീവിക്കുന്ന ഏതൊരാളും അറിയേണ്ട ഗ്രന്ഥം. വായിക്കേണ്ട, ഗ്രഹിക്കേണ്ട ഉൾക്കൊള്ളേണ്ട കാര്യങ്ങളാണതിലുള്ളത്. 114 അദ്ധ്യായങ്ങൾ അതിൽ ഉൾക്കൊള്ളുന്നു. വിവിധ ഭാഷകളിൽ അതിന്റെ പരിഭാഷകൾ ലഭ്യമാണ്. പഠിക്കണമെന്ന് ആഗ്രഹിക്കുന്ന ആരുടെ മുന്നിലും അതിന്റെ കവാടങ്ങൾ അടച്ചിടാൻ ആർക്കും അധികാരമില്ല.

ക്വുർആനിനെ സംബന്ധിച്ച് ക്വുർആൻ തന്നെ പരിചയപ്പെടുത്തുന്ന ചില വചനങ്ങൾ ശ്രദ്ധിക്കുക:

"ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർ വഴി കാണിക്കുന്നതത്രെ അത്." (അധ്യായം: 2: സൂക്തം: 2)

"ജനങ്ങൾക്ക് മാർഗ്ഗദർശനമാണത്. നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുമാണത്." (അധ്യായം: 2 സൂക്തം: 185)

"അവർ ക്വുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ?. അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു." (അധ്യായം: 4 സൂക്തം: 82)

"അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്." (അധ്യായം: 41, സൂക്തം: 42)

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ടെന്ന സന്തോഷ വാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ടെന്നും (സന്തോഷ വാർത്ത അറിയിക്കുന്നു.) (അധ്യായം: 17, സൂക്തം: 9, 10)

ക്വുർആൻ ദൈവത്തിന്റെ വചനമാണോ? എന്ന് സംശയിക്കുന്നവരോട് ക്വുർആൻ വെല്ലുവിളി നടത്തുന്നു. അതിപ്രകാരമാണ്. "നമ്മുടെ ദാസന് നാം അവതരിപ്പിച്ചു കൊടുത്തതിനെ (വിശുദ്ധ ക്വുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളെയും നിങ്ങൾ വിളിച്ചു കൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതാണല്ലോ വേണ്ടത്) (അധ്യായം: 2, സൂക്തം: 23) അതല്ലെങ്കിൽ അതുപോലുള്ള പത്ത് അധ്യായം, അതുമല്ലെങ്കിൽ അതുപോലെയുള്ള ഒരധ്യായമെങ്കിലും കൊണ്ടുവരാൻ ക്വുർആൻ വെല്ലുവിളിക്കുന്നു. അതിന് ഒരിക്കലും സാധ്യമല്ലെന്ന് മനുഷ്യന്റെ കഴിവുകേടുകൾ കൃത്യമായി അറിയുന്ന അല്ലാഹു ക്വുർആനിലൂടെ തന്നെ അറിയിക്കുന്നു. ക്വുർആനിന്റെ അവതരണ കാലഘട്ടത്തിൽ അറബി സാഹിത്യം അതിന്റെ ഉത്തുംഗതയിൽ വിരാചിക്കുന്ന കാലഘട്ടമായിരുന്നു. അറബി സാഹിത്യ സാമ്രാട്ടുകൾ ജീവിച്ചിരുന്ന കാലഘട്ടം. ഉക്കാദ് പോലുള്ള ചന്തകളിലും ഉത്സവസ്ഥലങ്ങളിലും കവിയരങ്ങുകൾ നടത്തുന്ന അവർ ഈ വെല്ലുവിളി ഏറ്റെടുക്കാൻ ആവുന്നത്ര പരിശ്രമിച്ചു. തങ്ങളുടെ കഴിവുകേട് അവർക്ക് മനസ്സിലായി. അവർ ക്വുർആനിന്റെ അമാനുഷികത സമ്മതിച്ചു. അതെ അഹങ്കാരമില്ലാതെ മനസ്സ് തുറക്കുന്ന ആർക്കും ഇത് ബോധ്യമാകുന്നതാണ്. ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു.

# 6. എന്താണ് ഇസ്‌ലാം

പ്രവാചകനായ മുഹമ്മദ് നബിയിലൂടെ ലോകരെ സത്യത്തിൻെറ വഴിയിലേക്ക് ആനയിക്കാനാണ് ദൈവം ഉദ്ദേശിച്ചത്. മുൻ കഴിഞ്ഞ മുഴുവൻ ദൈവദൂതന്മാരെയും അംഗീകരിച്ചു കൊണ്ടാണ് അദ്ദേഹം കടന്നുവന്നത്. ജനങ്ങൾ കേൾക്കാത്ത നൂതന വാദവുമായിട്ടല്ല ആ പ്രവാചകൻ വന്നത്. കഴിഞ്ഞു പോയ എല്ലാ ദൈവദൂതന്മാരും തങ്ങളുടെ ജനതയോട് ഉണർത്തിയ കാര്യത്തിൻെറ പൂർത്തീകരണത്തിനാണ് ദൈവനിശ്ചയത്താൽ അദ്ദേഹം ആഗതനായത്. അദ്ദേഹത്താൽ പൂർത്തീകരിക്കപ്പെട്ട മതം പുതിയതായി ഭൂമുഖത്ത് സ്ഥാപിച്ചതായിരുന്നില്ല. മറിച്ച് മനുഷ്യാരംഭം മുതൽ ദൈവം തൻെറ അടിമകൾക്കായി നിശ്ചയിച്ചതായിരുന്നു. അതത്രെ ഇസ്‌ലാം.

ദൈവിക മതത്തിൻെറ സാക്ഷാൽ നാമമാണ് ഇസ്‌ലാം. മനുഷ്യൻെറ സ്രഷ്ടാവായ ദൈവം (അല്ലാഹു) മനുഷ്യൻെറ ഇഹപര വിജയത്തിനും നന്മക്കുമായി തൻെറ ഇഷ്ടദാസന്മാരായ പ്രവാചകന്മാർ മുഖേന പഠിപ്പിക്കുകയും ആദിമ മനുഷ്യനായ ആദമിൽ തുടങ്ങി അന്തിമ പ്രവാചകനായ മുഹമ്മദ് നബിയിലൂടെ പൂർത്തീകരിക്കുകയും ചെയ്ത ദൈവീക മതമാണ് ഇസ്‌ലാം. മനുഷ്യൻ തൻെറ ജീവിതം മുഴുവൻ ദൈവത്തിന് സമർപ്പിക്കണമെന്നും അവൻെറ ആജ്ഞാനുവർത്തിയായി ജീവിക്കണമെന്നും ഇസ്‌ലാം നിർദ്ദേശിക്കുന്നു. അതിലൂടെ മാത്രമേ മനുഷ്യന് സമാധാനവും ശാന്തിയും കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് ഇസ്‌ലാം പറയുന്നു. ഇസ്‌ലാം എന്ന വാക്കിൻെറ ഭാഷാപരമായ അർത്ഥം സമാധാനം, സമർപ്പണം എന്നാണ്. ഇസ്‌ലാം ഉൾക്കൊണ്ടയാൾ മുസ്‌ലിം എന്നറിയപ്പെടുന്നു. മുസ്‌ലിം എന്നാൽ സർവ്വവും ഏകനായ ദൈവത്തിന് സമർപ്പിച്ചവൻ എന്നാ

കുന്നു. ഇസ്‌ലാം ഒരു ദേശത്തിൻെറയോ, രാജ്യത്തിൻെറയോ, ഏതെങ്കിലും പ്രത്യേക കാലഘട്ടത്തിൻെറയോ മതമല്ല. ആ മതം ദൈവത്തിലേക്കല്ലാതെ ചേർത്ത് പറയാവതല്ല. ചിലർ ഇസ്‌ലാം മതസ്ഥാപകനായി മുഹമ്മദ് നബിയെ പരിചയപ്പെടുത്താറുണ്ട്. അത് സത്യത്തോട് നിരക്കുന്നതല്ല എന്ന് സൂചിപ്പിക്കട്ടെ. മുഹമ്മദ് നബി ഇസ്‌ലാം മതത്തിൻെറ അവസാനത്തെ പ്രവാചകനും അതിൻെറ പ്രചാരകനും, ആ മതത്തിൻെറ പൂർത്തീകരണത്തിനായി ദൈവത്താൽ നിയോഗിതനായ അന്തിമദൂതനും, ആ മതം ഉൾക്കൊണ്ട് ജീവിക്കുന്നവർക്കുള്ള മാതൃകയുമാണ്. അദ്ദേഹം ഇസ്‌ലാം മതത്തിൻെറ സ്ഥാപകനായി വാദിച്ചിട്ടില്ല. അതാതു മതാനുയായികൾ ആ മതത്തിൻെറ സ്ഥാപകർ എന്നറിയപ്പെടുന്നവരിലേക്ക് ആ മതത്തേയും അതിൻെറ അനുയായികളേയും ചേർത്ത് പറയുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ ഇസ്‌ലാമിനെ മുഹമ്മദീയ മതം എന്നും മുസ്‌ലിംകളെ ആ അർത്ഥത്തിൽ മുഹമ്മദീയർ എന്നും വിളിക്കപ്പെടുന്നത് മുസ്‌ലിംകൾ ഇഷ്ടപ്പെടുന്നില്ല. കാരണം ഇസ്‌ലാം ദൈവത്താൽ സ്ഥാപിക്കപ്പെട്ട മതമായതിനാലാണ്. ഭൂമിയിൽ ജീവിക്കുന്ന സകല മനുഷ്യരും ഉൾക്കൊള്ളേണ്ട മതമാണ് ഇസ്‌ലാം. കാരണം ദൈവം എല്ലാവരുടേതുമാണ്. ദൈവിക നിയമങ്ങൾ എല്ലാവർക്കും ബാധകമാണ്.

## മറ്റുമതങ്ങളുടെ ഉത്ഭവ പശ്ചാത്തലം ശ്രദ്ധിക്കൂ.

ഹിന്ദുമതം: ഈ മതം അറിയപ്പെടുന്നത് ഇന്ത്യാ രാജ്യവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. കൂട്ടത്തിൽ പറയട്ടെ ഹിന്ദുമതമെന്ന പേരിൽ ഒരു മതമോ ദർശനമോ ഇവിടെ നിലനിന്നിട്ടില്ല എന്നതാണ് വാസ്തവം. 'സിന്ധു' എന്ന പദത്തിൻെറ രൂപാന്തരമാണ് ഹിന്ദു എന്നത്രെ പ്രബലമായ അഭിപ്രായം. സിന്ധു നദീതടവാസികൾ വിദേശികളാൽ സിന്ദുവെന്ന് വിളിക്കപ്പെടുകയും കാലക്രമേണ 'സിന്ധു' 'ഹിന്ദു'വായി മാറിയെന്നും കരുതപ്പെടുന്നു. പേർഷ്യൻ ഭാഷയിൽ 'സി' ഉച്ചരിക്കപ്പെടുന്നത്

'ഹി' എന്നാകയാൽ സിന്ധു ഹിന്ദുവായി മാറിയതാകാമെന്ന് അനുമാനിക്കപ്പെടുന്നു. ഹിന്ദുവെന്നത് പേർഷ്യക്കാരുടെ സംഭാവനയാണ്. 'ഹ' എന്നത് ഗ്രീക്കുകാർക്ക് ഉച്ചാരണ വിഷമം സൃഷ്ടിച്ചതിനാൽ ഹിന്ദുക്കൾ ഇന്ത്യക്കാരായി അറിയപ്പെട്ടു. ഭാരതീയ പൗരാണിക ഗ്രന്ഥങ്ങളിലൊന്നും തന്നെ ഹിന്ദു എന്ന പദം കാണപ്പെടുന്നില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് പഠനം നടത്തിയവർ അഭിപ്രായപ്പെടുന്നത്. (അവലംബം: ഇസ്‌ലാം വാള്യം ഒന്ന് വിശ്വാസ ദർശനം, യുവത ബുക്ക് ഹൗസ് കോഴിക്കോട്)

ബുദ്ധമതം: ക്രിസ്തുവിന് മുമ്പ് 567- ൽ കപിലവസ്തുവിൽ ശാക്യകുലാധിപനായ ശുദ്ധോധന രാജാവിൻെറ പുത്രൻ സിദ്ധാർത്ഥ രാജകുമാരൻ തൻെറ 29-ാമത്തെ വയസ്സിൽ സന്യാസ ജീവിതം തെരഞ്ഞെടുത്തു. ഗയയിലെ ബോധിവൃക്ഷം എന്നറിയപ്പെടുന്ന മരച്ചുവട്ടിലിരുന്ന് ധ്യാനിച്ചതിൻെറ ഫലമായി 35-ാമത്തെ വയസ്സിൽ ബോധോദയമുണ്ടായി ഗൗതമബുദ്ധനായി മാറിയ സിദ്ധാർത്ഥ രാജകുമാരനിലേക്ക് ചേർത്ത് കൊണ്ടാണ് ബുദ്ധമതം അറിയപ്പെടുന്നത്.

യഹൂദ മതം: യാക്കോബിന് 12 മക്കളുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മറ്റൊരു പേരാണ് ഇസ്റാഈൽ. അദ്ദേഹത്തിൻെറ പിൻഗാമികൾ ഇസ്റാഈലികൾ എന്നറിയപ്പെട്ടു. അവർ പന്ത്രണ്ട് ഗോത്രങ്ങളായിരുന്നു. തൻെറ മക്കളിൽ ഒരാളായ യെഹൂദക്ക് ജൂദൻ എന്ന രണ്ടാം പേരും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഗോത്രത്തിലേക്ക് ചേർത്താണ് യഹൂദമതം അറിയപ്പെടുന്നത്. തുടക്കത്തിൽ യെഹൂദയുടെ മക്കൾ മാത്രമാണ് ജൂതന്മാർ എന്ന് വിളിക്കപ്പെട്ടിരുന്നത്. ചിലർ മോശെ പ്രവാചകനെ ജൂത ഗോത്രത്തിൽ പെട്ടയാളായി അവതരിപ്പിക്കാറുണ്ട്. സത്യത്തിൽ മോശെ ഒരു ജൂതനായിരുന്നില്ല. പുറപ്പാട് പുസ്തകം 6 : 14- 20 അനുസരിച്ച് യാക്കോബിൻെറ മറ്റൊരു പുത്രനായ ലേവിയുടെ പുത്രൻ കഹാത്തിൻെറ പുത്രനായ അമ്രാമിന് തൻെറ ഭാര്യയായ യോഖെബെദിൽ നിന്നും ഉണ്ടായ രണ്ട് പുത്രന്മാരിൽ ഒരാളാണ് മോശെ. മറ്റൊരാൾ അഹരോൻ

(ഹാറൂൺ). മോശെ ഒരു ലേവിയൻ ആയിരുന്നു. എന്നാൽ മോശെ ഇസ്രായീൽ സന്തതികൾക്ക് ദൈവിക സന്ദേശം എത്തിച്ചു കൊടുക്കാൻ ദൈവത്താൽ നിയുക്തനായ പ്രവാചകനായിരുന്നു.

<u>ക്രിസ്തുമതം</u>: ഇംറാൻെറ മകൾ വിശുദ്ധയായ കന്യാമറിയമിൻെറ മകനായി ഫലസ്തീനിലെ ബത്‌ലഹേമിൽ ജനിച്ച യേശുവിലേക്ക് ചേർത്ത് കൊണ്ടാണ് ഈ മതം അറിയപ്പെടുന്നത്. കൂട്ടത്തിൽ പറയട്ടെ യേശുവിൻെറ കാലത്ത് ക്രിസ്തു മതം എന്ന പേരിൽ ഒരു മതം ഉണ്ടായിരുന്നില്ല. യേശുവിൻെറ അനുയായികളെ ക്രിസ്ത്യാനികൾ എന്ന് പറയപ്പെട്ടിരുന്നില്ല. ഭൂമിയിൽ ക്രിസ്തു മതം സ്ഥാപിക്കുമെന്ന് യേശു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. അദ്ദേഹം ഒരിക്കലും തന്നെപ്പറ്റി ക്രിസ്ത്യൻ എന്ന് വിളിച്ചിട്ടില്ല. ക്രിസ്ത്യൻ എന്ന പദം പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം മാത്രമാണ് പ്രസ്താവിച്ചിട്ടുള്ളത്. യേശു ഭൂമിയിൽ നിന്ന് വിട്ടുപോയി വളരെ കാലത്തിന് ശേഷം A.D. 43-ൽ ആദ്യമായി ശത്രുക്കളായ അവിശ്വാസികളും അന്ത്യോക്കയിലെ ജൂദന്മാരും കൂടിയാണ് 'ക്രിസ്ത്യാനി' എന്ന പേരിട്ടത്. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ (The Acts of the Apostles) 11-26 ൽ പറയുന്നു: "ആദ്യം അന്ത്യോക്കയിൽവെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി." ക്രിസ്ത്യൻ എന്ന് പ്രയോഗിച്ച മറ്റ് രണ്ട് സ്ഥലങ്ങൾ അപ്പൊ-പ്രവൃത്തികൾ 26:28, പത്രൊസ് എഴുതിയ ഒന്നാം ലേഖനം (The First Epistle of Peter) 4: 14 എന്നിവയാണ്.

പ്രവാചകന്മാരുടെ സന്ദേശങ്ങൾ ഒന്നായിരുന്നുവെന്ന് നാം മുമ്പ് സൂചിപ്പിച്ചു. ആദിമ മനുഷ്യൻ മുതൽ ഇങ്ങോട്ടുള്ള സകല മനുഷ്യരുടെയും മതമാകുന്നു ഇസ്‌ലാം. അത് ദൈവദത്തമാണ്. ആദിമ മനുഷ്യനായ ആദാം തൻെറ ജീവിതം ദൈവത്തിന് സമർപ്പിച്ചു കൊണ്ടും അവന് കീഴ്പെട്ടു കൊണ്ടും ഒരു മുസ്‌ലിമായി ജീവിതം നയിച്ചു. അദ്ദേഹത്തെ

തുടർന്ന് വന്ന എല്ലാ ദൈവദൂതന്മാരും പ്രബോധനം ചെയ്തതും ജീവിത മാർഗ്ഗദർശനമായി സ്വീകരിച്ചതും ദൈവീക മതമായ ഇസ്‌ലാമായിരുന്നു. ആ അർത്ഥത്തിൽ അവരെല്ലാം മുസ്‌ലിംകളാകുന്നു. അതായത് ദൈവത്തിന് ജീവിതം സമർപ്പിച്ചവർ എന്നർത്ഥം. നോഹ, അബ്രഹാം, മോശെ, യേശു തുടങ്ങിയവരെല്ലാം മുഹമ്മദ് നബിക്ക് മുമ്പ് വന്ന ദൈവദൂതന്മാരാകുന്നു. ആ ദൈവദൂതന്മാരെ ശരിയാംവണ്ണം പിൻപറ്റി സത്യത്തിൽ അടിയുറച്ച് ജീവിച്ച വിശ്വാസികളായ അനുയായികളും മുസ്‌ലിംകളായിരുന്നു. കാരണം അവരെല്ലാം ദൈവത്തിന് കീഴ്പ്പെട്ട് ജീവിച്ചവരാണ്.

മനുഷ്യ ജീവിതത്തിൻെറ നിഖില മേഖലകളിലും ഇസ്‌ലാം കടന്നു ചെല്ലുന്നു. അടുക്കള മുതൽ അന്താരാഷ്ട്രം വരെയും, തൊട്ടിൽ മുതൽ ശ്മശാനം വരെയും, പള്ളി മുതൽ പാർലമെൻറ് വരെയും അതിൻെറ നിയമങ്ങൾ വ്യാപിച്ചു കിടക്കുന്നു. വിദൂര ഭൂതത്തിൻെറ അവശിഷ്ടമോ, കാലഹരണപ്പെട്ട വിശ്വാസങ്ങളുടെയും, കർമ്മങ്ങളുടെയും, ചിന്തകളുടെയും കണ്ണാടിക്കൂട്ടിൽ സൂക്ഷിക്കേണ്ടതോ ആയ മതമല്ല ഇസ്‌ലാം. മര മൂട്ടിലിരുന്ന് ധ്യാനിച്ച് കാലം കഴിക്കാൻ അത് ആവശ്യപ്പെടുന്നില്ല. ലൗകിക ബന്ധങ്ങൾ വെടിഞ്ഞ് ബ്രഹ്മചര്യം സ്വീകരിക്കാനോ, എല്ലാം വെടിഞ്ഞ് നാടും നഗരിയും വിട്ട് വനങ്ങൾ തേടി യാത്രയായി അവിടെ തപസ്സനുഷ്ഠിച്ച് കാലംകഴിക്കാനോ മനുഷ്യരോട് അതുപദേശിക്കുന്നില്ല. പള്ളിയുടെ നാലു ചുമരുകൾക്കുള്ളിൽ അതിൻെറ കാര്യങ്ങൾ ഒതുങ്ങി നിൽക്കുന്നില്ല. അന്ധവിശ്വാസങ്ങളുടെയും കെട്ടുകഥകളുടെയും ലോകത്ത് മനുഷ്യനെ അത് തളച്ചിടുന്നില്ല. ഇസ്‌ലാം മതനിയമങ്ങൾ പൗരോഹിത്യത്തിൻെറ ചങ്ങലക്കെട്ടുകൾ ഭേദിക്കുന്നു. അവർ ജനങ്ങളുടെ മേൽ കയറ്റി വെച്ച ഭാരങ്ങളും പ്രയാസങ്ങളും ഇസ്‌ലാം ഇറക്കിവെക്കുന്നു. മനുഷ്യന് ആശ്വാസവും സമാധാനവും പ്രദാനം ചെയ്യുന്നു. പഠനത്തിലൂടെയും ചിന്തയിലൂടെയും സത്യം കണ്ടെത്താനാണ് അത് മനുഷ്യരോട് ആഹ്വാനം ചെയ്യുന്നത്.

ഇസ്‌ലാം മനുഷ്യർക്കിടയിൽ വേർതിരിവുണ്ടാക്കുന്നില്ല. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ ചാതുർവർണ്യ വ്യവസ്ഥകൾ നിശ്ചയിച്ച് പലതട്ടുകളിലായി മനുഷ്യനെ വേർതിരിച്ച്, ജന്മം കൊണ്ട്തന്നെ ചിലർ ഉന്നതരും മറ്റു ചിലർ അധമരും എന്നുള്ള വാദത്തെയും, മനഷ്യൻ ജന്മനാ പാപിയാണെന്ന വാദത്തെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല.

സമ്പത്തും, തറവാടും, ഭാഷയും, തൊഴിലും, നിറവും, കാലവും, ദേശവും മനുഷ്യർക്കിടയിൽ പെരുമ നടിക്കാനുള്ളതല്ല. ചോരയും, ചേരിയും, ഭംഗിയും, വൈരൂപ്യവും മനുഷ്യർക്കിടയിൽ വേർതിരിവുണ്ടാക്കുവാൻ പാടില്ല. അറബിയും, അനറബിയും, വിദേശിയും, സ്വദേശിയും, അടിമയും, ഉടമയും, പണക്കാരനും, പട്ടിണിക്കാരനും, ഉള്ളവനും, ഇല്ലാത്തവനും, പണ്ഡിതനും, പാമരനും, മുതലാളിയും, തൊഴിലാളിയും, കറുത്തവനും, വെളുത്തവനും ദൈവ ദൃഷ്ടിയിൽ തുല്യരാണെന്നും ആരും ആരെക്കാളും വലിപ്പം നടിക്കാൻ പാടില്ലെന്നും ഉന്നതന്മാർ ഭക്തന്മാരാണെന്നുമാണ് ഇസ്‌ലാം പ്രഖ്യാപിക്കുന്നത്. മനുഷ്യകുലം ആദിമ പിതാവിൻെറയും ആദിമ മാതാവിൻെറയും സന്തതികളാണെന്നാണ് ഇസ്‌ലാം പറയുന്നത്. നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിൻെറ പ്രഖ്യാപനം ക്വുർആനിൽ ഇങ്ങനെ വായിക്കാം "ഹേ മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറയടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു." (വിശുദ്ധ ക്വുർആൻ 49: 13) പ്രവാചകനായ മുഹമ്മദ് നബിയുടെ വാക്കുകൾ ശ്രദ്ധിക്കുക അദ്ദേഹം പറഞ്ഞു: "അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ, വെളുത്തവന് കറുത്തവനെ

ക്കാളോ, കറുത്തവന് വെളുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല. ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ. നിങ്ങളുടെ രക്ഷിതാവൊന്ന്, നിങ്ങളുടെ പിതാവൊന്ന്, നിങ്ങളെല്ലാം ആദമിൻെറ സന്തതികൾ. ആദമാകട്ടെ മണ്ണിൽ നിന്നുള്ളവനും." അതുകൊണ്ട് തന്നെ ഇസ്ലാമിൽ എവിടെയും വേർതിരിവുകളില്ല.

'തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ

ദൃഷ്ടിൽ പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ

യൊട്ടല്ലയോ ജാതിക്കോമരങ്ങൾ'.

ഇത്തരം വിഭാഗീയതകൾ ഇസ്ലാമിന് അന്യമാണ്. ഇസ്ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനകൾ ശ്രദ്ധിക്കൂ. ഉദാഹരണമായി നമസ്കാരം. ഒരു നേതാവിൻെറ പിന്നിൽ തോളോട് തോൾ ചേർന്ന് അണിയണിയായി അച്ചടക്കത്തോടെ നിൽക്കുന്ന മനുഷ്യരെ നമുക്ക് കാണാം. അവരുടെ ദിശ ഒന്ന്, പ്രാർത്ഥനകൾ ഒന്ന്, അനക്കങ്ങളിലും അടക്കങ്ങളിലും വരെ ഐക്യം. തൊട്ടുകൂടായ്മയോ തീണ്ടിക്കൂടായ്മയോ അവിടെയില്ല. ഹജ്ജ് നോക്കൂ. ലോകത്തിൻെറ വ്യത്യസ്ത കോണുകളിൽ നിന്ന് വന്നവർ, വിവിധ ഭാഷകൾ സംസാരിക്കുന്നവർ, വിവിധ വർണ്ണമുള്ളവർ, വ്യത്യസ്ത തുറകളിൽ ജീവിക്കുന്നവർ. എല്ലാവരും ഒരേ വസ്ത്രത്തിൽ ഒരേ മന്ത്രധ്വനികളുമായി ഭിന്നതകളോ അകൽച്ചകളോ ഇല്ലാതെ മക്കയിൽ സമ്മേളിക്കുന്നു. ഏകനായ അല്ലാഹുവിലുള്ള വിശ്വാസം അവരെ ഒന്നിപ്പിച്ചു എന്നതാണ് സത്യം. ഇതാണ് ഇസ്ലാം വിഭാവനം ചെയ്യുന്ന മാനവ സാഹോദര്യത്തിൻെറ മാതൃകകൾ.

ശുഭം

# 7. ഇസ്‌ലാമിലെ ദൈവ വിശ്വാസം

ഇസ്‌ലാമിലെ ദൈവവിശ്വാസം മറ്റു മതങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്നതിൽ നിന്നെല്ലാം വളരെ വ്യത്യാസപ്പെട്ടതാണ്. ഏകദൈവവിശ്വാസവും ആരാധന ആ ദൈവത്തിന് മാത്രമാകണമെന്നതുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം. ഇസ്‌ലാം ദൈവത്തെ പരിചയപ്പെടുത്തുന്നത് 'അല്ലാഹു' എന്ന പേരിലാണ്. പ്രപഞ്ചത്തിലെ ചെറുതും വലുതുമായ സകല വിധ പ്രതിഭാസങ്ങളുടേയും സൃഷ്ടി സ്ഥിതി സംഹാരത്തിന്റെ ഉടമസ്ഥനായവന് അറബി ഭാഷയിൽ പറയുന്ന പേരാണ് അല്ലാഹു. "ലാഇലാഹ ഇല്ലല്ലാഹ്" അതായത് "സത്യത്തിൽ അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല" എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാനമാകുന്നു. അല്ലാഹു മുസ്‌ലിംകളുടെ മാത്രം കുലദൈവമല്ല. ഏതെങ്കിലും പ്രത്യേക ജനതകൾക്ക് മാത്രം പരിചയമുള്ളതോ ഏതെങ്കിലും രാജ്യക്കാർക്ക് മാത്രം അറിയാവുന്നതോ ആയ ഒന്നല്ല. കാല ദേശ ഭാഷകൾക്കതീതമായി എല്ലാവർക്കും ഉൾക്കൊള്ളാൻ കഴിയുന്ന ആരാധ്യനത്രെ അല്ലാഹു. എല്ലാ ജനതകൾക്കും വിഭാഗീതയില്ലാതെ അല്ലാഹുവിനെ ഉൾക്കൊള്ളാൻ കഴിയും. അതിലൂടെ ഒന്നിക്കാനും കഴിയും. ഇസ്‌ലാം പരിചയപ്പെടുത്തുന്ന ഏകനും സാക്ഷാൽ ആരാധ്യനുമായ അല്ലാഹുവിന് സമർപ്പിക്കുന്ന ആരാധനകളും വിശ്വാസങ്ങളും പ്രയോഗവൽക്കരിക്കാൻ എളുപ്പമുള്ളതും ബുദ്ധിക്ക് അംഗീകരിക്കാൻ കഴിയുന്നതുമാണ്. മറ്റു മതങ്ങൾ ദൈവത്തെ അവതരിപ്പിക്കുമ്പോഴുള്ള സങ്കീർണതകൾ അതിലില്ല. വിഭാഗീയ ചിന്താഗതികൾ ഉയർന്നു വരുന്നില്ല.

ക്വുർആനിലെ 112-ാം അധ്യായത്തിലെ വചനങ്ങൾ ശ്രദ്ധിക്കുക "പറയുക (നബിയേ), കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു പരാശ്രയം വേണ്ടാത്തവനും

സകലർക്കും ആശ്രയമായിട്ടുള്ളവനുമാണ്. അവന് പിതാവോ സന്തതിയോ ഇല്ല. അവന് തുല്ല്യനായി ആരും തന്നെയില്ല." അല്ലാഹുവിനെക്കുറിച്ചുള്ള ഇസ്ലാമിക വിശ്വാസമാണ് മേൽ പറഞ്ഞത്. അവന് ആദിയും അന്ത്യവും ഇല്ല. അവനല്ലാത്ത മറ്റുള്ളതെല്ലാം അവൻെറ സൃഷ്ടികൾ മാത്രം. അവന് പങ്കാളികളോ കൂട്ടുകാരോ ഇല്ല. പുത്രകളത്രാദികളില്ല. അവൻെറ തീരുമാനത്തിൽ കൈകടത്താൻ ആരാലും സാധ്യമല്ല. അവനെ ആരും അതിജയിക്കുകയില്ല. ഭൗതിക ലോകത്ത് മനുഷ്യൻെറ നഗ്നനേത്രങ്ങൾ അവനെ പ്രാപിക്കുകയില്ല. എന്നാൽ അവൻ എല്ലാത്തിനേയും കണ്ടുകൊണ്ടിരിക്കുന്നു. വിശുദ്ധ ക്വുർആനിലെ 6-ാം അധ്യായത്തിലെ 103-ാം വചനത്തിൽ അല്ലാഹു അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട് അല്ലാഹു പറയുന്നു: "കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാകുന്നു.."

കൈക്കൂലികളോ, കൈമടക്കുകളോ, സ്വാധീനങ്ങളോ കൊണ്ട് അവനെ വശീകരിക്കാൻ കഴിയില്ല. തുലാഭാരങ്ങളോ, പൂമാലകളോ ചാർത്തിയാൽ അതിൽ സന്തോഷിക്കുന്നവനല്ല. കലിപൂണ്ട് ഉറഞ്ഞുതുള്ളുകയും രക്തം ഒഴുക്കിയാൽ പ്രസാദിക്കുകയും ചെയ്യുന്നവനല്ല ഇസ്ലാം പരിചയപ്പെടുത്തുന്ന കാരുണ്യവാനും കരുണാമയനുമായ അല്ലാഹു. വിശുദ്ധ ക്വുർആനിലെ 2-ാം അധ്യായം 225-ാമത്തെ വചനം ശ്രദ്ധിക്കുക. "അല്ലാഹു- അവനല്ലാതെ വേറെ ആരാധ്യനില്ല. ജീവനുള്ളവൻ; സ്വയം പര്യാപ്തനായ സർവ്വ നിയന്താവ്. അവനെ ഒരു വിധ മയക്കവും ഉറക്കവും ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവൻേറതാണ്. അവൻെറ അനുവാദമില്ലാതെ അവൻെറയടുത്ത് ശുപാർശ ചെയ്യുന്നവൻ ആരുണ്ട്?. അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവന് അറിയാം. അവൻെറ അറിവിൽ നിന്ന് അവനുദ്ദേശിച്ചതല്ലാതെ അവർ യാതൊന്നും അറിയുന്നില്ല. അവൻെറ പീഠം ആകാശഭൂമികളെ

ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഭാരമുള്ളതല്ല. അവൻ അത്യുന്നതനും മഹത്വമേറിയവനുമാകുന്നു."

അവൻ സൃഷ്ടിയിൽ ലയിച്ചുചേർന്നിട്ടില്ല. അവൻെറ സത്ത സൃഷ്ടികളിൽ നിന്ന് വേറിട്ടു നിൽക്കുന്നു. സൃഷ്ടിയിൽ ലയനം സംഭവിച്ച് വിമുക്തി പ്രാപിക്കാൻ കഴിയാതെ സർവ്വത്തിലും വ്യാപിച്ചു കിടക്കുന്ന ഒരു മായയല്ല അവൻ. അത്തരം വിശ്വാസം എല്ലാ വസ്തുക്കളിലും ദൈവാംശം കുടികൊള്ളുന്നുവെന്നും അതുകൊണ്ട് എന്തിനെ ആരാധിച്ചാലും അതെല്ലാം ദൈവത്തിനുള്ള ആരാധനയാണെന്നുമുള്ള ബഹുദൈവാരാധനയിലേക്ക് മനുഷ്യനെ കൊണ്ട് ചെന്നെത്തിക്കും. അത് ഇസ്ലാം അംഗീകരിക്കുന്നില്ല. അവൻെറ അറിവും കഴിവും എല്ലാത്തിനേയും ചൂഴ്ന്നു നിൽക്കുന്നു. വിശുദ്ധ ക്വുർആനിലെ 57-ാം അധ്യായം 1-മുതൽ 3-വരെയുള്ള വചനങ്ങൾ ശ്രദ്ധിക്കുക. "ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിൻെറ പരിശുദ്ധിയെ പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ. ആകാശങ്ങളിലെയും ഭൂമിയിലെയും പരമാധിപത്യം അവനുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അവനാണ് ആദിമൻ. അവനാണ് അന്തിമൻ. പ്രത്യക്ഷനും പരോക്ഷനുമായവനും അവൻ തന്നെ. അവൻ എല്ലാ കാര്യങ്ങളും പൂർണ്ണമായി അറിയുന്നവനുമാണ്."

അല്ലാഹുവിനോട് മറ്റാരേയും ചേർത്ത് പറയുകയോ മറ്റാരേയും ആരാധിക്കുകയോ അരുത്. ദൈവത്തിനോട് മറ്റെന്തെങ്കിലും പങ്കുചേർക്കപ്പെടുന്നത് ഇസ്ലാം ശക്തിയായി എതിർക്കുകയും വിരോധിക്കുകയും ചെയ്യുന്നു. അതിനാൽ തൻെറ സൃഷ്ടികളോട് അല്ലാഹുവിൻെറ കൽപ്പന സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നാണ്. വിശുദ്ധ ക്വുർആനിലെ 2-ാം അധ്യായം 21, 22 വചനങ്ങൾ വായിക്കുക "മനുഷ്യരെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും

സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്കുവേണ്ടി ഭൂമിയെ വിരിപ്പും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ആഹരിക്കുവാനുള്ള കായ് കനികൾ ഉല്പാദിപ്പിച്ചു തരികയും ചെയ്തവൻ. അതിനാൽ അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്." അതിനാൽ നാം ആരാധിക്കേണ്ടത് സൃഷ്ടികളുടെ സ്രഷ്ടാവിനെയാകണം. അവനത്രെ ഖുർആൻ പരിചയപ്പെടുത്തുന്ന അല്ലാഹു. വിശുദ്ധ ഖുർആൻ 41-ാം അധ്യായം 37-ാമത്തെ വചനം വായിക്കുക ."അവൻെറ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ രാവും, പകലും, സൂര്യനും, ചന്ദ്രനും. സൂര്യനോ, ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ."

ഇസ്‌ലാം പരിചയപ്പെടുത്തുന്ന അല്ലാഹുവിനെ ആരാധിക്കാൻ പ്രതിമകളോ, പ്രതിരൂപങ്ങളോ, ചിത്രങ്ങളോ അവശ്യമില്ല. അതുണ്ടാക്കരുത് എന്നാണ് ഇസ്‌ലാമിൻെറ കൽപ്പന. കാരണം മനുഷ്യബുദ്ധിയിൽ ഒരു ചിത്രം തെളിയണമെങ്കിൽ അവൻ മുമ്പ് അത് കണ്ടിരിക്കണം. അല്ലെങ്കിൽ അതിനോട് സാമ്യമുള്ളത് കണ്ടിരിക്കണം. അതുമല്ലെങ്കിൽ അതിൻെറ രൂപം കണ്ടവർ വർണ്ണിക്കുന്നത് കേട്ടിരിക്കണം. ഇതൊന്നും ദൈവത്തിൻെറ വിഷയത്തിൽ ഉണ്ടായിട്ടില്ല. പിന്നെയെങ്ങനെ അവൻ ഉണ്ടാക്കുന്ന രൂപം ദൈവത്തെ പ്രതിനിധാനം ചെയ്യും? അതിനാൽ അത്തരം കാര്യങ്ങൾ ഇസ്‌ലാം വൻപാപമായി കാണുന്നു. ശ്രീകോവിലുകളോ, അൾത്താരകളോ പ്രത്യേക കൂടിയിരുത്തലുകളോ അവനെ ആരാധിക്കാൻ ആവശ്യമില്ല. പുണ്യമരങ്ങളോ, പുണ്യപുഷ്പങ്ങളോ, പുണ്യ മൃഗങ്ങളോ, ശവകുടീരങ്ങളോ ആവശ്യമില്ല. അവനെ ആരാധിക്കാൻ മദ്ധ്യവർത്തികളുടെയും ആവശ്യമില്ല. അവനല്ലാത്ത മറ്റുള്ളതെല്ലാം അവൻെറ സൃഷ്ടികൾ മാത്രം. അവരെല്ലാം ജനിച്ച് ജീവിച്ച്

മരിച്ച് പോയവരത്രെ. സൃഷ്ടി പൂജിക്കേണ്ടതും ആരാധിക്കേണ്ടതും തന്നെപ്പോലെയുള്ള സൃഷ്ടികളെയല്ല, മറിച്ച് തന്നെയും അവരെയുമെല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകനായ സ്രഷ്ടാവിനെ മാത്രമാകണം. അവനത്രെ അല്ലാഹു.

വിശുദ്ധ ക്വുർആനിലെ 59-ാം അധ്യായം 22, 23, 24 വചനങ്ങൾ വായിക്കുക. "അവനത്രെ അല്ലാഹു.; അവനല്ലാതെ ഒരു ദൈവവുമില്ല. അദൃശ്യത്തെയും ദൃശ്യത്തെയും അറിയുന്നവൻ. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ. അവനത്രെ അല്ലാഹു. അവനല്ലാതെ ഒരു ദൈവമില്ല. രാജാവ്, അതിപവിത്രൻ, സമാധാനദാതാവ്, അഭയം നൽകുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ, അജയ്യൻ, അലംഘ്യശക്തൻ, മഹത്വമുടയവൻ. അവർ പങ്ക് ചേർക്കുന്നതിൽ നിന്ന് അല്ലാഹു എത്രയോ പരിശുദ്ധൻ. അവനത്രെ അല്ലാഹു. ആസൂത്രകൻ, (ഇല്ലായ്മയിൽ നിന്ന്) സൃഷ്ടിക്കുന്നവൻ, രൂപപ്പെടുത്തുന്നവൻ. ഏറ്റവും ഉത്തമ നാമങ്ങൾ അവനുള്ളതത്രെ. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവനെ വാഴ്ത്തിടുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ."

അതിനാൽ നാം ചിന്തിക്കുകയും സത്യം അന്വേഷിക്കുകയും ചെയ്യുക. "അല്ലാഹുവിന് വേണ്ടി നിങ്ങൾ ഈ രണ്ടു പേരായോ ഒറ്റയായോ നിൽക്കുകയും എന്നിട്ട് നിങ്ങൾ ചിന്തിക്കുകയും ചെയ്യുക" (വിശുദ്ധ ക്വുർആൻ 34:46) എന്ന ക്വുർആനിക വചനം ഒറ്റക്കും ഈ രണ്ട്പേർ ചേർന്നും ശാന്തമായി അല്ലാഹുവിനെ മുൻനിർത്തി ഗൗരവപൂർവ്വം ചിന്തിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

ഇതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം. വിശുദ്ധ ക്വുർആനിലെ 51-ാം അധ്യായത്തിലെ 56-ാം വചനം അതിങ്ങനെ വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു: "ജിന്നുവർഗ്ഗത്തെയും മനുഷ്യവർഗ്ഗത്തെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." അതിലൂടെ നമുക്ക്

മോക്ഷം ലഭിക്കും. മരണാനന്തര ജീവിതം സുഖ സമ്പൂർണ്ണ മായിരിക്കും.

## മരണശേഷം?.

മരണശേഷം ഒരു ജീവിതം വരാനുണ്ട്. ഈ ലോകത്തിൻെറ നാശം സംഭവിക്കാനിരിക്കുന്നു. അല്ലാഹു അല്ലാത്ത മറ്റെല്ലാം നശിക്കുന്ന ഒരു നാൾ വരാനിരിക്കുന്നു. ശേഷം പുനർജന്മം സംഭവിക്കും. ആ സന്ദർഭത്തിൽ ദൈവിക കോടതിയിൽ മനുഷ്യ കർമ്മങ്ങൾ വിചാരണ ചെയ്യപ്പെടും. ഭൗതിക ജീവിതത്തിൽ ദൈവ കൽപ്പനകൾക്ക് വിധേയമായി പ്രവാചകന്മാരുടെ പാത പിൻപറ്റിയ സുകൃതവാന്മാർക്ക് സ്വർഗ്ഗീയ ജീവിതം ലഭിക്കും. ദുഷ്കർമ്മികൾക്ക് നരക ജീവിതവും വിധിക്കപ്പെടും. ഈ യാഥാർത്ഥ്യം പുലരാനിരിക്കുന്നുവെന്ന് ദൈവദൂതന്മാർ അറിയിച്ചിരിക്കുന്നു. ഇല്ലായ്മയിൽ നിന്ന് സൃഷ്ടിപ്പ് നടത്തിയ സാക്ഷാൽ ദൈവത്തിന് മനുഷ്യൻെറ നാശത്തിന് ശേഷം അവന് പുനർജന്മം നൽകാൻ പ്രയാസമില്ല. നിർജീവമായ ഭൂമിയെ മഴവർഷിപ്പിച്ചു കൊണ്ട് സജീവമാക്കുന്ന അല്ലാഹുവിനുണ്ടോ മരിപ്പിച്ചതിന് ശേഷം മനുഷ്യന് പുനർജന്മം നൽകാൻ വല്ല പ്രയാസവും?. അല്ലാഹു പറയുന്നു: "മനുഷ്യരെ, ഉയിർത്തെഴുന്നേൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക:) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും, പിന്നീട് ബീജത്തിൽ നിന്നും, പിന്നീട് ഭ്രൂണത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു.) നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തു കൊണ്ടു വരുന്നു. അനന്തരം നിങ്ങളുടെ പൂർണ്ണ ശക്തി പ്രാപിക്കുന്നതുവരെ (അവൻ നിങ്ങളെ

വളർത്തുന്നു.) (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്ന വരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ട് നിർജ്ജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേൽ വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായുള്ള വൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏത് കാര്യ ത്തിനും കഴിവുള്ളവനാണ്." (അധ്യായം: 22 സൂക്തം 5, 6) മനുഷ്യ ബുദ്ധിയുടെ പരിമിതികൾ തിരിച്ചറിഞ്ഞവർ പ്രവാചക ന്മാരും വേദഗ്രന്ഥങ്ങളും അറിയിച്ച ആ സത്യത്തെ നിഷേധി ക്കുകയില്ല. അതിനെ നിഷേധിക്കുന്നവരുണ്ടാകാം. മരണ ശേഷം ഒരു ജീവിതമോ! എന്ന് അത്ഭുതപ്പെടുന്നവരു ണ്ടാകാം. അവരുടെ ഉദാഹരണം ഗർഭസ്ഥ ശിശുവിനെപ്പോലെ യാണ്. ഗർഭസ്ഥശിശു മാതാവിന്റെ ഗർഭാശയത്തിൽ കിടന്നു ചിന്തിക്കുന്നു. എനിക്ക് ഈ രണ്ട് കണ്ണുകൾ എന്തിനുണ്ടായി? ഈ ഗർഭാശയത്തിൽ അതിന്റെ ആവശ്യമില്ല. അതുകൊണ്ട് ഒരു ഉപകാരവുമില്ല. രണ്ട് കൈകൾ, രണ്ട് കാലുകൾ, ചെവികൾ, മൂക്ക്, വായ തുടങ്ങി ഒന്നിന്റേയും ആവശ്യം എനിക്കിവിടെയില്ല. ഈ സൃഷ്ടിപ്പ് വ്യർത്ഥം എന്ന് കുഞ്ഞ് പറഞ്ഞു. പക്ഷെ ആ കുഞ്ഞിനോട് കുറച്ച്കൂടി കാത്തിരിക്കാൻ പറയപ്പെട്ടു. ഗർഭാശയത്തിൽ നിന്നും ഭൂമിലോകത്ത് പിറന്ന് വീണ കുഞ്ഞ് അതിന്റെ മൂല്യം മനസ്സിലാക്കി. ഇതൊന്നും വെറുതെ ഉണ്ടാക്കിയതല്ല എന്നവൻ അറിഞ്ഞു. അതിന്റെ യുക്തിയെ അവൻ സമ്മതിച്ചു. പ്രസവ സമയത്ത് ഗർഭസ്ഥ ശിശുവിനോട് എന്തിന് പോകുന്നു? എന്ന് ചോദിച്ചാൽ ആ കുഞ്ഞിന്റെ മറുപടി വെറുതെ പോകുന്നു എന്നതായിരിക്കും. പിന്നീട് അവൻ അറിയുന്നു യാത്ര പാഴ്വേലയല്ല. നമ്മുടെ ജീവിതം ഗർഭാശയം പോലെയും, മരണം പ്രസവം പോലെയും, ഭൂമിയിൽനിന്നുള്ള പുറപ്പെടൽ ഗർഭാശയത്തിൽ

നിന്നുള്ള പുറപ്പെടൽ പോലെയുമാണ്. എല്ലാത്തിനും കൃത്യമായ ലക്ഷ്യമുണ്ട്. അപ്പോൾ ഗർഭസ്ഥ ശിശുവിൻെറ ലക്ഷ്യം ഗർഭാശയത്തിന് പുറത്തായതുപോലെ ഭൂമുഖത്ത് ജീവിക്കുന്ന മനുഷ്യൻെറ ലക്ഷ്യം ഈ ജീവിതത്തിനപ്പുറത്താണ്. അതത്രെ മരണാനന്തര ജീവിത വിജയവും മോക്ഷവും.

## ചുരുക്കത്തിൽ

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എത്ര സത്യമായ ആശയം. മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതും, ലോകത്തുള്ള ആർക്കും ആരാധിക്കാൻ കഴിയുന്നതും, മനസ്സിലാക്കാൻ കഴിയുന്നതുമായ ഏകനായ ദൈവം. ആ ദൈവം സൃഷ്ടിച്ച മനുഷ്യൻ എന്ന ഒരു ജാതി. അവിടെ തട്ടുകളില്ല. ചോരയും, ചേരിയും, ഭാഷയും, നിറവും, വർണ്ണവും വേർതിരിക്കുന്നില്ല. ജാതീയതയുടെ മതിൽ കെട്ടുകളില്ല. അപ്പോൾ മനുഷ്യൻ ഒന്നിക്കുന്നു. ഐക്യപ്പെടുന്നു. ഈ മനുഷ്യർക്കെല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന സങ്കീർണ്ണതകളോ കെട്ടിക്കുടുക്കുകളോ ഇല്ലാത്ത ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു മതം. ആ മതമാകട്ടെ ഏകനായ ദൈവം നിശ്ചയിച്ചതും. അതാണ് മനുഷ്യ പ്രകൃതിക്ക് യോജിച്ച മതം. മുഹമ്മദ് നബി പറയുന്നു: "ഓരോ കുഞ്ഞും പിറന്നു വീഴുന്നത് ശുദ്ധപ്രകൃതിയിലാണ്. അവൻെറ മാതാപിതാക്കളാണ് അവനെ ജൂതനും ക്രിസ്ത്യാനിയും അഗ്നി ആരാധകനുമാക്കുന്നത്". അതിനാൽ നാം നമ്മുടെ പ്രകൃതിയിലേക്ക് തന്നെ മടങ്ങുക.

'ഒരച്ഛനമ്മക്ക് പിറന്ന മക്കൾ
ഓർത്താലൊരൊറ്റത്തറവാട്ടുകാർ നാം
നാഥൻെറ മുന്നിൽ വിളങ്ങു നിൽക്കും
നമ്മുന്തിരിക്കൊത്ത മനുഷ്യവർഗ്ഗം'

സുഹൃത്തേ, ഇതാ സത്യം നിങ്ങളിൽ വന്നെത്തിക്കഴിഞ്ഞു. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. അതിനാൽ സത്യത്തിലേക്ക് കടന്ന് വരാൻ ഇനിയും താമസിക്കേണ്ടതില്ല. മരണം സത്യമാണ്. മരണാനന്തരമുള്ള നിങ്ങളുടെ വിജയം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സത്യം പുണരാൻ തയ്യാറാവുക. പിന്തിരിയുകയാണെങ്കിൽ "ഞങ്ങൾ അല്ലാഹുവിന് കീഴ്പ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക." ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കു തന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവർക്ക് തന്നെ. ആരും ആരുടെയും പാപഭാരം പേറുകയില്ല. നാം മനസ്സിലാക്കിയ സത്യം നമുക്ക് പ്രഖ്യാപിക്കാം. "അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല. മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാകുന്നു. ഞാനതിന് സാക്ഷിയാണ്." ഈ സത്യസാക്ഷ്യ വചനങ്ങളാണ് ഇസ്‌ലാമിലേക്കുള്ള പ്രഥമകവാടം. ഈ സന്ദേശം നിങ്ങളിലേക്കെത്തി എന്നതിന് ദൈവം സാക്ഷിയാണ്. പിന്നെ നിങ്ങളും സാക്ഷികളാണ്. ഇതാ ഈ സത്യസന്ദേശം ഒരു പ്രകാശം കണക്കെ നമ്മുടെ മുന്നിൽ തെളിഞ്ഞു നിൽക്കുന്നു. തുടർന്നും സത്യാന്വേഷിയായി ജീവിക്കുക. സത്യം പുൽകുക. അന്വേഷിക്കുക. കണ്ടെത്തുക തന്നെചെയ്യും. ദൈവാനുഗ്രഹം നമ്മിലേവരിലും ഉണ്ടാകട്ടെ. സത്യം കണ്ടെത്താനും അത് സ്വീകരിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ.

# محتويات الكتاب

| | | | |
|---|---|---|---|
| ١ | المقدمة | ١٦ | نبذة عن حياة الرسولﷺ |
| ٢ | الإنسان والكون | ١٧ | البشارة عن النبيﷺ في الكتب السابقة |
| ٣ | أهمية الإنسان في الأرض | ١٨ | القرآن لا مثيل له |
| ٤ | خلق الإنسان | ١٩ | ماهوالإسلام |
| ٥ | ما الحكمة في الخلق؟ | ٢٠ | مميزات الإسلام |
| ٦ | الإنسان يبحث الأمن | ٢١ | الإيمان بالله |
| ٧ | الرسل في المجتمع | ٢٢ | ماذا بعد الموت؟. |
| ٨ | حاجة البشر إلى الرسالة | ٢٣ | الملخص |
| ٩ | رسالة الرسل ودعوتهم | | |
| ١٠ | الكتب السماوية | | |
| ١١ | رسالة التوحيد | | |
| ١٢ | من كتب الهندوس | | |
| ١٣ | من كتب النصارى | | |
| ١٤ | التحريف في كتب الأديان السابقة | | |
| ١٥ | خاتم الأنبياء | | |